# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പനവൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി. 7/1128/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 20/09/2024
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പനവൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി. 7/1128/2024 തീയ്യതി: 20/09/2024

## തിരുവനന്തപുരം ജില്ലയിലെ പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 33 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രേഖ.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 10-06-2024 | 19-06-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-06-2024 | 19-06-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. മനേഷ്.ബി.എച്ച്, ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്)
ശ്രീ. ശ്രീജിത്ത്.എസ്.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി റീന.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. രഞ്ജിത്ത്.സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മിനി.എസ്. | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ. സുനിൽ.പി. | സെക്രട്ടറി | 01-04-2023 | 19-07-2023 |
| ശ്രീ. അനിൽ കുമാർ.ഡി. | സെക്രട്ടറി | 20-07-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയത (വരെ |
|---|---|---|---|
| ശ്രീമതി സൌമ്യ.പി.കെ. | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ. രഞ്ജിത്ത്.എസ്. | വെറ്റിനറി സർജൻ | 01-04-2023 | 31-03-2024 |
| ഡോ. സൂരജ്.ബി.എസ്. | മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി. | 01-04-2023 | 31-03-2024 |
| ഡോ. കവിത.വി.എസ്. | മെഡിക്കൽ ഓഫീസർ - ഹോമിയോ | 01-04-2023 | 31-03-2024 |
| ശ്രീമതി നയന.യു.ബി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ-1 | 01-04-2023 | 19-12-2023 |
| ശ്രീ. റിയാസ്.എ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ-1 | 20-12-2023 | 31-03-2024 |
| ശ്രീ. അനൂപ്.പി.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ-2 | 01-04-2023 | 31-03-2024 |
| ശ്രീമതി ചിത്രകുമാരി.വി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീ. സുനിൽ.പി. | സെക്രട്ടറി | 01-04-2023 | 19-07-2023 |
| ശ്രീ. അനിൽ കുമാർ.ഡി. | സെക്രട്ടറി | 20-07-2023 | 31-03-2024 |
| ശ്രീ. സൈജു.ഒ.ബി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീ. ദിലീപ് കുമാർ.എസ്. | എച്ച്.എം. | 01-04-2023 | 31-03-2024 |
| ശ്രീ. അനിയൻ.എ.കെ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും അനുബന്ധ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | നികുതി നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ്- കളക്ഷൻ- ബാലൻസ് വിവരങ്ങൾ കൃത്യത പുലർത്തുന്നില്ല. | 1-1-4 |
| 6 | വസ്തു നികുതി സംബന്ധിച്ച് വാർഷിക ധനകാര്യ പത്രികയിലെ കണക്കുകൾ സഞ്ചയ സോഫ്റ്റ്വെയറിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | നിക്ഷേപ പ്രവൃത്തികളെ സംബന്ധിക്കുന്ന വിവരങ്ങൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-6 |
| 8 | വിവിധ രജിസ്റ്ററുകൾ കൃത്യമായി പരിപാലിച്ചിട്ടില്ല | 1-1-7 |
| 9 | ഡെപ്പോസിറ്റ് തുകകൾ തനത്ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് | 1-1-8 |
| 10 | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരമുള്ള നീക്കിയിരിപ്പും ബി-17 പ്രകാരമുള്ള അക്കൌണ്ട് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്താത്ത തുക ആസ്തി ഹെഡിൽ നിലനിൽക്കുന്നു. | 1-1-10 |
| 12 | പ്രതിമാസ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് ബുക്ക് പ്രകാരമുള്ള തുക നെഗറ്റീവ് ബാലൻസായി രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-11 |
| 13 | എല്ലാ ബാങ്ക് അക്കൌണ്ടുകളുടെയും ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-12 |
| 14 | ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | 1-1-13 |
| 15 | കാലഹരണപ്പെട്ട ചെക്കുകൾ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു. | 1-1-14 |
| 16 | 12287/- രൂപ ഗ്രാമപഞ്ചായത്തിന് ലഭിക്കാൻ അവശേഷിക്കുന്നു. | 1-1-15 |

| | | |
|---|---|---|
| 17 | തൊഴിലുറപ്പ് പദ്ധതി; വാർഷിക ധനകാര്യ പത്രികയിലെയും മുൻകൂർ രജിസ്റ്ററിലെയും വിവരങ്ങൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-16 |
| 18 | വിവിധ ഫണ്ടുകളുടെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് തുക സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-17 |
| 19 | ബജറ്റുമായി ബന്ധപ്പെട്ട അപാകങ്ങൾ | 1-2-1 |
| 20 | ബജറ്റ് | 1-2 |
| 21 | ഗ്രാന്റ് വിനിയോഗം | 1-3 |
| 22 | സാമ്പത്തിക അവലോകനം | 1-4 |
| 23 | പദ്ധതി അവലോകനം | 1-5 |
| 24 | ക്ഷേമ പദ്ധതികൾ | 1-6 |
| 25 | ക്യാഷ് പരിശോധന | 1-7 |
| 26 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 27 | ഉപയോഗ ശേഷം ബാക്കിയുള്ള മെറ്റീരിയലുകൾ തിരികെ സ്റ്റോക്കിലെടുത്ത് മറ്റ് പ്രവൃത്തികൾക്കായി വിനിയോഗിക്കുന്നില്ല. | 1-9-1 |
| 28 | തൊഴിലുറപ്പ് പദ്ധതി | 1-9 |
| 29 | തനത് വരുമാനം കൃത്യമായി പിരിച്ചെടുക്കാത്തതിനാൽ വികസനഫണ്ടിൽ നിന്നും 188640/- രൂപ കുറവ് ചെയ്തു | 1-10 |
| 30 | ഉപയോഗ ക്രമം തെറ്റായി രേഖപ്പെടുത്തി കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കി | 1-11 |
| 31 | തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് സൂക്ഷിക്കുന്നില്ല. | 1-12-1 |
| 32 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12-2 |
| 33 | റേഷൻകട ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-12-3 |
| 34 | തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ | 1-12 |
| 35 | വാടക- കരാർ ചമച്ചില്ല | 1-13-1 |
| 36 | വാടക- ജി.എസ്.റ്റി കുറവായി ഈടാക്കുന്നു. | 1-13 |
| 37 | ഇറച്ചിക്കടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു. | 1-14-1 |
| 38 | വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-14-2 |
| 39 | ഫാമുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-14-3 |
| 40 | ആശുപത്രികൾ, ഓഡിറ്റോറിയം ഇവ ലൈസൻസ് എടുക്കുന്നില്ല | 1-14-4 |

| | | |
|---|---|---|
| 41 | ലൈസൻസിനോടൊപ്പം മെഷീൻ റണ്ണിങ് ഫീ വാങ്ങുന്നില്ല. | 1-14-5 |
| 42 | റേഷൻകടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-14 |
| 43 | വളർത്തു നായ ലൈസൻസ്- സ്റ്റാറ്റസ് റിപ്പോർട്ടിലെ എണ്ണവുമായി പൊരുത്തപ്പെടുന്നില്ല. | 1-15 |
| 44 | പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുക്കാതെ ആശുപത്രി പ്രവർത്തിക്കുന്നു. | 1-16 |
| 45 | ലേലം കൊണ്ട മരം മുറിക്കുന്നതിനു പകരം മറ്റൊരു മരം മുറിച്ചു. | 1-17 |
| 46 | ഹെൽത്ത് ഗ്രാന്റ് -നിർദ്ദേശങ്ങൾക്കനുസൃതമായി പ്രോജക്ടുകൾ നടപ്പിലാക്കണം. | 1-18 |
| 47 | ആസ്തി സംരക്ഷണത്തിന് ഉചിതമായ മർഗങ്ങൾ സ്വീകരിക്കേണ്ടതാണ്. | 1-19 |
| 48 | കണിക്കൊന്ന-സമഗ്രവിദ്യാഭ്യാസ പരിപാടികൾ ടെണ്ടർ നടപടികളിൽ അപാകത. | 1-20 |
| 49 | സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല. | 1-21 |
| 50 | വിവിധ രജിസ്റ്ററുകൾ കൃത്യമായി പരിപാലിച്ചിട്ടില്ല | 1-22 |
| 51 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല - 532731 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |
| 52 | ജലജീവൻ മിഷൻ- ഗ്രാമപഞ്ചായത്ത് വിഹിതം കൈമാറൽ പദ്ധതിയിലെ അപാകം. | 1-24 |
| 53 | സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം QR Code സ്ഥാപിക്കൽ പൂർത്തിയായില്ല. | 1-25 |
| 54 | ലൈഫ് പദ്ധതി - അപാകം | 1-26 |
| 55 | ബയോ കമ്പോസ്റ്റർ ബിൻ - വിതരണം പൂർത്തിയായില്ല. | 1-27 |
| 56 | മൃഗസംരക്ഷണ മേഖലയിലെ പ്രോജക്ട് നിർവ്വഹണം . | 1-28 |
| 57 | കന്നുകുട്ടി പരിപാലന പദ്ധതി - കൈമാറിയ തുക വിനിയോഗിക്കാതെ അവശേഷിക്കുന്നു. | 1-29 |
| 58 | ജലശ്രീ കിണർ റീചാർജിങ്- നിയമാനുസൃത നികുതികൾ കുറവ് ചെയ്തില്ല | 1-30 |
| 59 | മാലിന്യ സംസ്കരണം-ഹരിതകർമ്മസേനാ പ്രവർത്തനങ്ങൾ | 1-31 |
| 60 | മോഡൽ ബയോപാർക്ക് - പ്രവൃത്തി ആരംഭിച്ചിട്ടില്ല. | 1-32 |

## ഭാഗം 2

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4

| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 22.05.2024 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 30.05.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും അനുബന്ധ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 62(2)(എഫ്) പ്രകാരം അക്കൗണ്ടിംഗ് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ ഉൾപ്പെടുത്തി അടിസ്ഥാന അനുപാതങ്ങൾ തയ്യാറാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ, വാർഷിക ധനകാര്യപത്രികയോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ

ഉൾപ്പെടുത്തിയിട്ടില്ല . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15 ന് വാർഷിക അനുപാതങ്ങൾ അടുത്ത സാമ്പത്തിക വർഷം മുതൽ തയ്യാറാക്കി സമർപ്പിക്കുന്നതാണെന്ന് മറുപടി നൽകി

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് – കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ പത്രികയിലെ ആകെ ക്യാഷ് ഫ്ലോയും അതേ പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. Net Increase In Cash And Cash Equivalents 8907460 ഉം Net Cash Generated By Operating + Investing + Financial Activity (A+B+C) ആയി രേഖപ്പെടുത്തിയിരിക്കുന്ന തുക 5121436 ഉം ആണ് ടി പൊരുത്തക്കേട് സംബന്ധിച്ച വിശദീകരണം ഓഡിറ്റ് എൻക്വയറി നം . 1 വഴി ആവശ്യപ്പെട്ടതിന് ടി തുകകൾ തമ്മിൽ സാധാരണയായി പൊരുത്തപ്പെടാറില്ല എന്നാണ് മറുപടി നൽകിയത്. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. ക്യാഷ് ഫ്ലോ പത്രികയിലെ അപാകം സംബന്ധിച്ച് വ്യക്തമായ മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### 1-1-3 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടില്ല.

വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. അടുത്ത സാമ്പത്തിക വർഷം മുതൽ B-14 ഷെഡ്യൂളിൽ രേഖപ്പെടുത്തൽ നടത്തുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നം. 15 ന്റെ മറുപടി).

### 1-1-4 നികുതി നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ്- കളക്ഷൻ- ബാലൻസ് വിവരങ്ങൾ കൃത്യത പുലർത്തുന്നില്ല.

ഗ്രാമ പഞ്ചായത്തിലെ നികുതി നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റ്- കളക്ഷൻ- ബാലൻസ് വിവരങ്ങൾ കൃത്യത പുലർത്തുന്നില്ല. വിശദാംശം ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

1.സമയ ബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ സാമ്പത്തിക വർഷത്തിന്റെ അവസാനം ഡിമാന്റ് എൻട്രി വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| Date | Code | Head | Type | V.No | Dr | Cr |
|---|---|---|---|---|---|---|
| 31-03-2024 | 431100101 | Receivables For Property Tax On Residential Buildings(Current) | J | 42301305 | | 1497380 |
| 31-03-2024 | 431100103 | Receivables For Property Tax On Non-Residential Buildings (Current) | J | 42301307 | | 1359894 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 1 ന് ഈ സാമ്പത്തിക വർഷം മുതൽ അക്രൂവൽ അടിസ്ഥാനത്തിൽ ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി.

2.ഡിമാന്റ് രേഖപ്പെടുത്താത്ത ഇനങ്ങൾക്ക് കളക്ഷൻ രേഖപ്പെടുത്തിയിരിക്കുന്നു.

ഗ്രാമ പഞ്ചായത്തിന്റെ മുൻവർഷത്തെ ബാലൻസ് ഷീറ്റ് (B-15) പ്രകാരം നികുതി- നികുതിയേതര വരുമാനങ്ങളുടെ കുടിശ്ശിക ഇനത്തിൽ തുക ഒന്നും തന്നെ പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ല. എന്നാൽ 2023-24 സാമ്പത്തിക വർഷം മുൻവർഷത്തെ കുടിശ്ശിക ആയി വിവിധ വരവുകൾ റസീപ്റ്റ് ചെയ്തിട്ടുണ്ട്. ഉദാഹരണം :

1)I-19 ഷെഡ്യൂളിൽ Prior Period Income- Profession Tax എന്ന ഇനത്തിൽ 16150 രൂപ വരവ് വച്ചിട്ടുണ്ട്.

2)വസ്തു നികുതി ഇനത്തിൽ മുൻ വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരം തുകയൊന്നും പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ല. എന്നാൽ തൻവർഷം അരിയർ ഇനത്തിൽ ആകെ 334178 രൂപ പിരിച്ചെടുത്തിട്ടുണ്ട് .വിശദാംശം ചുവടെ ചേർക്കുന്നു

| Code | Head | Schedule No. | Amount (Rs.) |
|---|---|---|---|
| 431100104 | Receivables For Property Tax On Non-Residential Buildings (Arrears) | RP-45 | 325866 |
| 431100102 | Receivables For Property Tax On Residential Buildings (Arrears) | RP-45 | 8312 |

മുൻ വർഷം കുടിശ്ശിക ഒന്നും തന്നെ പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ല എന്ന് രേഖപ്പെടുത്തിയിരിക്കെ തൻ വർഷം 334178 രൂപ മുൻ വർഷത്തെ അരിയർ ഇനത്തിൽ വരവായി ലഭിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 1 ന് ഇത് വസ്തു നികുതി ഇനത്തിലെ റവന്യൂ റിക്കവറി ചെയ്ത തുക ആണെന്നും റെവന്യൂ റിക്കവറി തുകയായതിനാലാണ് അരിയർ ഇനത്തിൽ വരവ് വച്ചിരിക്കുന്നതെന്നും മറുപടി നൽകി.

<u>3.വസ്തു നികുതി ഇനത്തിൽ 1623946 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ടെങ്കിലും വാർഷിക ധനകാര്യ പത്രിക പ്രകാരം പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക 0 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.</u>

തൻവർഷത്തെ ബാലൻസ്ഷീറ്റ് B -15 പ്രകാരം ഗ്രാമപഞ്ചായത്തിന് വരവിനങ്ങളിൽ തുക ഒന്നും തന്നെ പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ല. ബാലൻസ്ഷീറ്റ് പ്രകാരം വസ്തു നികുതി ഇനത്തിൽ തുക ഒന്നും തന്നെ പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ല എന്നാണ് ശേഖപ്പെടുത്തിയിക്കുന്നതെങ്കിലും സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ ഡി-സി-ബി സ്റ്റേറ്റ്മെന്റ് പ്രകാരം വസ്തു നികുതി ഇനത്തിൽ 1623946 രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. 16 ലക്ഷത്തിലധികം തുക വസ്തു നികുതി ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നെങ്കിലും ബാലൻസ്ഷീറ്റിൽ ഇത് സംബന്ധിച്ച വിവരങ്ങൾ ചേർക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15 ന് AFS ൽ ആർ ആർ തുക ഒഴിവാക്കി ലഭിച്ച തുകയാണ് ഡിമാന്റ് ചെയ്തിരുന്നതെന്നും ആയതിനാലാണ് ബാലൻസ്ഷീറ്റിൽ തുക 0 ആയതെന്ന് മറുപടി നൽകി.

<u>4. വരവ് രജിസ്റ്ററുകൾ പ്രതിമാസം പരിശോധിച്ച് ലെഡ്ജർ ബാലൻസുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല.</u>

വിവിധയിനം വരവ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ അവ പ്രതിമാസം ക്ലോസ് ചെയ്ത് ലെഡ്ജർ ബാലൻസുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തുകകൾ വർഷാന്ത്യത്തിൽ രേഖപ്പെടുത്തി ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്ന രീതിയാണ് തുടർന്ന് വരുന്നത്.

വിവിധ വരവിനങ്ങളുടെ കുടിശ്ശിക സംബന്ധിച്ച കൃത്യമായ കണക്കുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾക്കൊള്ളിച്ചിട്ടില്ല. വസ്തു നികുതി ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക റവന്യൂ റിക്കവറിയ്ക്കായി ശിപാർശ ചെയ്ത ശേഷം കളക്ഷൻ തുക തന്നെ ഡിമാന്റ് ആയി വർഷാവസാനം രേഖപ്പെടുത്തി ബാലൻസ്ഷീറ്റ് B-15 ൽ നിന്നും കുടിശ്ശിക വിവരങ്ങൾ ഒഴിവാക്കുന്ന രീതിയാണ് സ്വീകരിച്ച് വരുന്നത്. റവന്യൂ റിക്കവറിയ്ക്കായി ശിപാർശ ചെയ്യുന്ന കാരണത്താൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക ബാലൻസ്ഷീറ്റ് B-15 ൽ നിന്നും ഒഴിവാക്കുന്നത് ശരിയായ നടപടി ക്രമമല്ല. കൃത്യമായ ഡിമാന്റ് രേഖപ്പെടുത്താനും കുടിശ്ശിക സംബന്ധിച്ച കൃത്യമായ കണക്കുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്താനും വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## <u>1-1-5 വസ്തു നികുതി സംബന്ധിച്ച് വാർഷിക ധനകാര്യ പത്രികയിലെ കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല</u>

സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ ഡിമാന്റ്-കളക്ഷൻ-ബാലൻസ് റിപ്പോർട്ടും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ്-കളക്ഷൻ-ബാലൻസും തമ്മിൽ പൊരുത്തപ്പെടുന്നില്ല . വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഷിക ധനകാര്യ പത്രിക പ്രകാരം | Demand | Collection | | | Balance |
|---|---|---|---|---|---|
| | | Collection | Advance Collection (2022-23) | Total Collection* | |
| Property Tax Current (Residential+ Non Residential) | 2857274 | 2851734 | 5541 | 2857275 | 0 |
| | (1497380+ 1359894) | (1356652+ 1495082) | (2414+3404)X 100/105 | | |
| Property Tax - Arrear (Residential+ Non Residential) | 0 | 334178 | - | 334178 | 0 |
| | | (8312+325866) | | | |
| | 2857274 | 3191453 | | | 0 |

. *Library Cess As Per Rp 35 Schedule= 161124

| സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം | Demand | Collection | Balance |
|---|---|---|---|
| Property Tax Current (Residential+ Non Residential) | 3386828 | 2842209 | 540301 |
| | (1953104+1433724) | (1416345+1425864) | (537366+2935) |
| Property Tax - Arrear (Residential+ Non Residential) | 1340462 | 334178 | 1006291 |
| | (1324704+15758) | (325866+8312 | (998839+7452) |
| ആകെ | 4727290 | 3176387 | 1546592 |

സഞ്ചയ പ്രകാരമുള്ള ഡി.സി.ബി സ്റ്റേറ്റ്മെന്റിലെയും വാർഷിക ധനകാര്യ പത്രികയിലെയും തുകകൾ തമ്മിലുള്ള വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 15 വഴി ആവശ്യപ്പെട്ടതിന് എ.എഫ്.എസ് ൽ റവന്യൂ റിക്കവറി തുക ഒഴിവാക്കി ലഭിച്ച തുകയാണ് ഡിമാന്റ് ചെയ്തിരുന്നതെന്നും ആയതിനാലാണ് ബാലൻസ്ഷീറ്റിൽ തുക 0 ആയതെന്നും മറുപടി നൽകി. തൻവർഷം പിരിച്ചെടുത്ത RR തുകയായ 334178 രൂപയാണ് അരിയർ ഇനത്തിൽ കളക്ഷനായി രേഖപ്പെടുത്തിയിരിക്കുന്നതെന്നും അറിയിച്ചു. കളക്ഷൻ തുകയിലെ വ്യത്യാസത്തിന് മറുപടി അറിയിച്ചിട്ടില്ല. സഞ്ചയ പ്രകാരമുള്ള ഡി.സി.ബി സ്റ്റേറ്റ്മെന്റിലെയും വാർഷിക ധനകാര്യ പത്രികയിലെയും തുകകൾ തമ്മിലുള്ള വ്യത്യാസം ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-1-6 നിക്ഷേപ പ്രവൃത്തികളെ സംബന്ധിക്കുന്ന വിവരങ്ങൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല.

2023-24 സാമ്പത്തിക വർഷത്തിൽ സെക്രട്ടറിയുടെ പ്രോജക്ടുകൾ വഴി ചുവടെ ചേർക്കുന്ന പദ്ധതികൾക്കായി തുക മുൻകൂറായി ചെലവഴിച്ചിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ബാലൻസ് തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | തുക | | |
| കെ.എസ്.ഇ.ബി | 161 ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | 196684 | 0 | 196684 |
| വാട്ടർ അതോറിറ്റി | 218 പൊതു കുടിവെള്ള ടാപ്പുകളുടെ കട്ടിംഗ് ചാർജ്ജ് അടവാക്കൽ | 162929 | 0 | 162929 |
| | ആകെ | 359613 | | 359613 |

മേൽ പദ്ധതികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. എന്നാൽ പ്രസ്തുത നിക്ഷേപ പ്രവൃത്തികളെ സംബന്ധിച്ച വിവരം ബാലൻസ്ഷീറ്റ് B-18 ഷെഡ്യൂളിൽ പ്രതിഫലിക്കുന്നില്ല.

നിക്ഷേപ പ്രവൃത്തികളെ സംബന്ധിച്ച് ബാലൻസ്ഷീറ്റ് B-18 ഷെഡ്യൂളിൽ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 15 ന് ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്. " ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗിനായി കെ.എസ്.ഇ.ബി.യിലും സ്ട്രീറ്റ് ടാപ്പ് കട്ടിംഗിനായി KWA യിലും തുക അടവാക്കിയതാണ്. നിക്ഷേപ പ്രവൃത്തികൾക്കുള്ള നിശ്ചിത തുക തന്നെയാണ് അഡ്വാൻസായി നൽകിയത്. ആയതുകൊണ്ടാണ് ഡെപ്പോസിറ്റ് വർക്കിന്റെ ഹെഡിൽ ഉൾപ്പെടാത്തത്" . ടി മറുപടി അംഗീകരിക്കാവുന്നതല്ല. വിവിധ ഏജൻസികൾക്ക് മുൻകൂറായി തുക അനുവദിക്കുമ്പോൾ ആയതിന്റെ വിവരങ്ങൾ ബാലൻസ്ഷീറ്റ് B-18 ലെ Loans, Advances And Deposits എന്ന ഹെഡിൽ കൃത്യമായി ഉൾപ്പെടുത്തുന്നതിനും പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത തുകകൾ ക്രമീകരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-1-7 വിവിധ രജിസ്റ്ററുകൾ കൃത്യമായി പരിപാലിച്ചിട്ടില്ല

വാർഷിക ധനകാര്യ പത്രികയെ പിന്തുണയ്ക്കുന്ന വിവിധ രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു

1. ലോൺ തുകയുടെ വിശദാംശങ്ങൾ ലോൺ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല

2. മുൻകൂർ രജിസ്റ്ററിൽ RP 49 ഷെഡ്യൂൾ പ്രകാരം അനുവദിച്ചിട്ടുള്ള മുഴുവൻ മുൻകൂറുകളുടെയും വിശദാംശം രേഖപ്പെടുത്തിയിട്ടില്ല.

3. നിക്ഷേപ പ്രവർത്തികളുമായി ബന്ധപ്പെട്ട വിവരങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

(*രജിസ്റ്ററുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട വിശദ വിവരങ്ങൾ ഖണ്ഡിക നം. 1-34 ൽ ചേർത്തിട്ടുണ്ട്). ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ലോൺ വിവരങ്ങൾ, നിക്ഷേപ പ്രവൃത്തികൾ, മുൻകൂർ തുകകൾ എന്നിവയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

## 1-1-8 ഡെപ്പോസിറ്റ് തുകകൾ തനത്ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

B-7 ഡെപ്പോസിറ്റ് റിസീവ്ഡ് എന്ന ഷെഡ്യൂളിൽ കാലാവധി കഴിഞ്ഞതിനുശേഷം 3 വർഷത്തിലധികമായിട്ടും തിരികെ നൽകാത്ത തുക അവശേഷിക്കുന്നുണ്ടെങ്കിൽ ആയത് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15) മറുപടിയായി, 2021-22 സാമ്പത്തിക വർഷം വരെയുള്ള EMD തുകകൾ മുതൽക്കൂട്ടിയിട്ടുണ്ടെന്നും 2018-19 വരെയുള്ള 30,000/- രൂപ മുതൽക്കൂട്ടാനുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തുകയുടെ വിശദാംശം ലഭ്യമാക്കുകയും പ്രസ്തുത തുക തനത്ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-1-9 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരമുള്ള നീക്കിയിരിപ്പും ബി-17 പ്രകാരമുള്ള അക്കൌണ്ട് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ ചെലവഴിക്കാൻ 31/3/23 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ

31/3/23 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. എന്നാൽ, ഏതാനം ഫണ്ടുകളുടെ ഷെഡ്യൂൾ ബി -4 പ്രകാരമുള്ള നീക്കിയിരിപ്പും ബി-17 പ്രകാരമുള്ള അക്കൗണ്ട് നീക്കിയിരിപ്പും പരസ്പരം പൊരുത്തപ്പെടുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ് കോഡ് | ഹെഡ് | ബാലൻസ് ഷീറ്റ് B4 പ്രകാരം 2024 മാർച്ച് 31 ലെ നീക്കി യിരിപ്പ് | 2024 മാർച്ച് 31 പ്രകാരം ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 320100196 | Integrated Child Development Scheme | 2467811 | 2768374 | 300497 | Canara Bank – 40122200093750 |
| 2 | 320100204 | Grants For Specific Purposes- Health Grant Towards Conversion Of PHC S And Subcentres In To Health And Wellness Centres | 118164 | 318164 | 200000 | Canara Bank 110042002293 |

പ്രസ്തുത വ്യത്യാസം സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നം. 15), Grants For Specific Purpose- Health Grant Towards Conversion Of PHCs And Subcentres In Health And Wellness Centres എന്ന ഹെഡിൽ 3,18,164/- രൂപയാണ് വരേണ്ടതെന്നും, എന്നാൽ, ടി ഹെഡിലെ Expenditure ജേണൽ എൻട്രി 217830 ന്റെ പകരം 417830/- രൂപ എൻട്രി വരുത്തിയിരുന്നതിനാലാണ് ഇത്തരത്തിൽ സംഭവിച്ചതെന്നും മറുപടി ലഭ്യമാക്കി. Integrated Child Development Scheme എന്ന ഹെഡിലെ തുകയിലെ വ്യത്യാസം സംബന്ധിച്ച് വിശദീകരണം നൽകിയിട്ടില്ല. വിശദാംശം ലഭ്യമാക്കുകയും തുകകൾ ക്രമീകരിച്ച് അറിയിക്കേണ്ടതുമാണ്.

## 1-1-10 ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്താത്ത തുക ആസ്തി ഹെഡിൽ നിലനിൽക്കുന്നു.

ട്രയൽ ബാലൻസിൽ 431910201 Outdoor Collection Control Account എന്ന ഹെഡിൽ 10074/- രൂപയുടെ ക്രെഡിറ്റ് ബാലൻസ് കാണിക്കുന്നുണ്ട്(നെഗറ്റീവ് ബാലൻസ്). ടി തുക ഗ്രാമപഞ്ചായത്തിന്റെ ബാലൻസ്ഷീറ്റിൽ ഉൾപ്പെട്ടിട്ടുമില്ല. പ്രസ്തുത ഹെഡിൽ അവശേഷിക്കുന്ന തുക നാളിതുവരെ ക്രമീകരിക്കാത്തതിന്റെ കാരണം ഓഡിറ്റ് എൻക്വയറി നം. 15 വഴി അന്വേഷിച്ചതിന് മറുപടിയായി, ടി തുക വിശദമായി പരിശോധിച്ചതിനു ശേഷം അടുത്ത സാമ്പത്തിക വർഷത്തിൽ ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-1-11 പ്രതിമാസ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് ബുക്ക് പ്രകാരമുള്ള തുക നെഗറ്റീവ് ബാലൻസായി രേഖപ്പെടുത്തിയിരിക്കുന്നു.

പ്രതിമാസം തയ്യാറാക്കിയിരിക്കുന്ന ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ പല അക്കൌണ്ടുകളിലെയും ബാങ്ക് ബുക്ക് പ്രകാരമുള്ള തുക നെഗറ്റീവ് സംഖ്യ വരുന്നതായി കാണുന്നു. ഇവയിൽ പാസ്ബുക്ക് പ്രകാരമുള്ള ബാലൻസ് തുകയും ബാങ്ക് ബുക്ക് പ്രകാരമുള്ള ബാലൻസ് തുകയും തമ്മിൽ ഭീമമായ അന്തരവും നിലനിൽക്കുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

A)2024 ഫെബ്രുവരി മാസം

| ബാങ്ക് | അക്കൌണ്ട് നമ്പർ | പാസ്ബുക്ക് പ്രകാരമുള്ള ബാലൻസ് | ബാങ്ക് ബുക്ക് പ്രകാരമുള്ള ബാലൻസ് |
|---|---|---|---|

| | | | |
|---|---|---|---|
| | | | |
| Canara Bank Suchithwa Misssion | 40122200093499 | 805 | -46200 |
| IDBI BANK | 46104000261449 | 0 | -547312 |
| SBI LIFE & E-PAYMENT | 37308738661 | 2975597 | -6514889 |

B)2023 ഡിസംബർ മാസം

| ബാങ്ക് | അക്കൌണ്ട് നം. | പാസ്ബുക്ക് പ്രകാരമുള്ള ബാലൻസ് | ബാങ്ക് ബുക്ക് പ്രകാരമുള്ള ബാലൻസ് |
|---|---|---|---|
| Canara Bank Life Loan | 110044479131 | 993161 | -1426839 |
| Canara Bank MGNREGS | 40122200049540 | 96 | -62963 |
| CANARA BANK-NILP | 110084744144 | 0 | -7286 |
| SBI LIFE & E-PAYMENT | 37308738661 | 1781896 | -5357608 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 1 ന് മറുപടിയായി, PFMS വഴി ക്രെഡിറ്റ് ആകുന്ന തുക അതേ മാസം തന്നെ ഡയറക്ട് ആയി വ്യക്തിയ്ക്ക് പേയ്മെന്റ് ആകുന്നതാണെന്നും ആ മാസത്തെ ബാങ്ക് സ്റ്റേറ്റ്മെന്റ് കിട്ടുമ്പോൾ മാത്രമാണ് തുക ILGMS ലേക്ക് റസീപ്റ്റ് ചെയ്യുന്നതെന്നും ആയതിനാലാണ് ബാങ്ക് ബുക്കിൽ നെഗറ്റീവ് കാണിക്കുന്നതെന്നും വിശദീകരിച്ചിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ബാങ്ക്ബുക്കിലെയും ബാങ്കിലെയും തുക പൊരുത്തപ്പെടുത്തി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-1-12 എല്ലാ ബാങ്ക് അക്കൌണ്ടുകളുടെയും ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

1)ILGMS സോഫ്റ്റ്‌വെയറിൽ ചുവടെ ചേർക്കുന്ന അക്കൌണ്ടുകളുടെ വിവരം ചേർത്തിട്ടുണ്ടെങ്കിലും ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല.

| | |
|---|---|
| Joint Venture New | 799013100000036 |
| Joint Venture Old | 799011400001375 |
| Sub Treasury, Nedumangad | 702031400000009 |

ഇതിൽ ജോയിന്റ് വെൻച്വർ അക്കൌണ്ടിൽ നിലവിൽ നീക്കിയിരിപ്പൊന്നും ഇല്ലായെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1) മറുപടി ലഭ്യമാക്കിയത്.

2)വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ബാങ്ക് അക്കൌണ്ടുകളിൽ ബാങ്ക് റിക്കൺസിലിയേഷൻ തയ്യാറാക്കാത്ത ചില അക്കൌണ്ടുകളിൽ ചുവടെ ചേർക്കും വിധം ബാലൻസ് അവശേഷിക്കുന്നതായി കാണുന്നു.

| ക്രമ നമ്പർ | ബാങ്ക് | അവശേഷിക്കുന്ന തുക (ബാലനസ് ഷീറ്റ് B-17 പ്രകാരം) |
|---|---|---|
| 1 | Co-Operative Bank Account Of Own Revenue Fund | 51286 |

| | | |
|---|---|---|
| 2 | Joint Venture Old - ( 799011400001375 | 28191 |
| 3 | Treasury Account Of Traditional Functions Fund | 0 |

ഇതിൽ, കോ ഓപ്പറേറ്റീവ് ബാങ്ക് , ട്രഷറി അക്കൌണ്ട് ഓഫ് ട്രഡിഷണൽ ഫങ്ഷൻ ഫണ്ട് എന്നീ അക്കൌണ്ടുകൾ നിലവിൽ ഇല്ല എന്നും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ടെക്നിക്കൽ എറർ കാരണം വന്നതാണെന്നും IKM-നെ ബന്ധപ്പെട്ട് ടി അപാകത പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ, ജോയിന്റ് വെൻചർ ഓൾഡ് എന്ന അക്കൌണ്ടിൽ ഹെഡ് മാറി റസീപ്റ്റ് ചെയ്ത തുകയാണ് 28191 എന്നും നിലവിൽ ടി അക്കൌണ്ടിൽ തുകയൊന്നും അവശേഷിക്കുന്നില്ലായെന്നും അറിയിച്ചു. അക്കൌണ്ടിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്ന തുക സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി നീക്കിയിരിപ്പ് തുകകൾ ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-1-13 ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ILGMS സോഫ്റ്റ്‌വെയറിൽ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടുള്ള ആനാട് സഹകരണ ബാങ്കിലെ 42/76ാം നമ്പർ അക്കൌണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ടി അക്കൌണ്ടിലെ നീക്കിയിരിപ്പ് 0 ആണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ ആധികാരികത പരിശോധിയ്ക്കുന്നതിനാവശ്യമായ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15) മറുപടിയായി, ആനാട് ബാങ്കിൽ കത്ത് നല്കിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-1-14 കാലഹരണപ്പെട്ട ചെക്കുകൾ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

KERALA BANK OWN FUND അക്കൌണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheque Deposited But Not Credited എന്ന ഇനത്തിലായി 48430/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ചെക്കുകളെ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു

| ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|
| 31851 | 31-03-2022 | 756.00 |
| 31851 | 31-03-2022 | 4,032.00 |
| 31851 | 31-03-2022 | 4,032.00 |
| 31851 | 31-03-2022 | 3,226.00 |
| 31851 | 31-03-2022 | 756.00 |
| | | **12,802.00** |

മേൽ തുകകൾ 2-2-2023 ൽ ബന്ധപ്പെട്ട വ്യക്തി അടവാക്കി ആയത് റസീപ്റ്റ് ചെയ്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നം. 1 ന്റെ മറുപടി). തുക ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടും ടി ചെക്കുകൾ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheque Deposited But Not Credited ആയി നിലനിർത്തിയിരിക്കുന്നതിന്റെ കാരണം വ്യക്തമല്ല. റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ടി ചെക്കുകളെ സംബന്ധിച്ച വിവരം ക്രമീകരിക്കേണ്ടതാണ്.

## 1-1-15 12287/- രൂപ ഗ്രാമപഞ്ചായത്തിന് ലഭിക്കാൻ അവശേഷിക്കുന്നു.

SBI Life And E-Payment അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheque Deposited But Not Credited എന്ന ഇനത്തിലായി 12,287/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിശാദാംശം ഓഡിറ്റ് എൻക്വയറി നം. 1 വഴി അന്വേഷിച്ചതിന് 12,287/- രൂപയിൽ 3,500/- രൂപ ലൈസൻസ് ഫീസ് ഇ-പേയ്മെന്റ് ആയി

റിലയൻസ് ഒടുക്ക് വരുത്തിയതാണെന്നും അവശേഷിക്കുന്ന 8,787/- രൂപ വസ്തു നികുതി ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിച്ച തുകയാണെന്നും അറിയിച്ചിട്ടുണ്ട്. ടി തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ 2024-25 സാമ്പത്തിക വർഷത്തിലും ലഭിച്ചതായി കാണുന്നില്ല. ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട 12287/- രൂപ സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-1-16 തൊഴിലുറപ്പ് പദ്ധതി; വാർഷിക ധനകാര്യ പത്രികയിലെയും മുൻകൂർ രജിസ്റ്ററിലെയും വിവരങ്ങൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരം MGNREGS ന് അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് ഇനത്തിൽ മുൻകൂറായി നൽകിയ തുകകൾ മുൻകൂർ രജിസ്റ്ററുകളിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| | മുന്നിരിപ്പ് | തൻ വർഷം മുൻകൂറായി നൽകിയ തുക | ആകെ | തൻ വർഷം തിരികെ ലഭിച്ച തുക | ബാലൻസ് |
|---|---|---|---|---|---|
| വാർഷിക ധനകാര്യ പത്രിക പ്രകാരം | 2132205 (2022-23 വർഷത്തെ B-18 പ്രകാരം) | 1979142 (RP 49 പ്രകാരം) | 4111347 | 1617906 (I 14 F പ്രകാരം) | 2493691* (B-18 പ്രകാരം) |
| രജിസ്റ്റർ പ്രകാരം | 2132205 | 1902691 | 4034896 | 1617906 | 2416990 |

*2493441/- രൂപയാണ് യഥാർത്ഥത്തിൽ നീക്കിയിരിപ്പായി വരേണ്ടിയിരുന്നത്.

A)സ്ഥാപനത്തിന്റെ മുൻകൂർ രജിസ്റ്ററിൽ മുൻകൂർ ഇനത്തിലെ നീക്കിയിരിപ്പ് 2493441 എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാലൻസ്ഷീറ്റിലെ B18 ഷെഡ്യൂളിൽ 2493691 രൂപയാണ് നീക്കിയിരിപ്പ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. സ്ഥാപനത്തിലെ മുൻകൂർ രജിസ്റ്ററിലെയും വാർഷിക ധനകാര്യ പത്രികയിലെയും മുൻകൂർ തുകകൾ തമ്മിൽ 250/- രൂപയുടെ വ്യത്യാസം കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 15 ന് യഥാർത്ഥ മുൻകൂർ തുക രജിസ്റ്റർ പ്രകാരമുള്ളതാണെന്നും (2493441 രൂപ) ഓഫീസ് ചെലവുകൾ ഹെഡിൽ നിന്നും MGNREGS ന്റെ അഡ്വാൻസ് ഹെഡിലേക്ക് 250/- രൂപ ജേണൽ ഇട്ട് മാറ്റിയപ്പോൾ ഡ്യൂപ്ലിക്കേഷൻ വന്നത് കാരണമാണ് 250/- രൂപ അധികം വന്നതെന്നും അറിയിച്ചിട്ടുണ്ട്.

B) സ്ഥാപനത്തിന്റെ മുൻകൂർ രജിസ്റ്ററിൽ മുൻകൂർ ഇനത്തിലെ നീക്കിയിരിപ്പ് 2493441 എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും MGNREGS ന്റെ മുൻകൂർ രജിസ്റ്ററിൽ നീക്കിയിരിപ്പ് 2416990 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. തുകകൾ തമ്മിൽ 76,451/- രൂപയുടെ വ്യത്യാസം കാണുന്നു.

" MGNREGS ന് അഡ്വാൻസായി 2022-23 സാമ്പത്തിക വർഷത്തിലാണ് 76451/- രൂപ നൽകിയതെന്നും, ടി തുക ട്രഷറി അക്കൌണ്ട് വഴിയാണ് നൽകേണ്ടിയിരുന്നതെന്നും എന്നാൽ ILGMS ന്റെ പേയ്മെന്റ് ചെയ്തപ്പോൾ കേരള ബാങ്കിൽ നിന്നും തുക നൽകുന്നു എന്നാണ് കാണിച്ചിരുന്നതെന്നും ടി പേയ്മെന്റ് ഓർഡർ ക്യാൻസൽ ചെയ്യേണ്ടതായി വന്നെന്നും 2023-24 വർഷത്തിലാണ് പേയ്മെന്റ് ചെയ്തതെന്നും, ആയതിനാലാണ് 76,451/- രൂപ വ്യത്യാസം കാണിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നം. 15 ന്റെ മറുപടി).

## 1-1-17 വിവിധ ഫണ്ടുകളുടെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് തുക സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

വിവിധ ഫണ്ടുകളുടെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് തുക സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് തുകയുമായി പൊരുത്തപ്പെടുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

1.സി. എഫ്. സി ഫണ്ടിന്റെ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുകയും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് തുകയും തമ്മിൽ 1059985/- രൂപയുടെ വ്യത്യാസം.

ധനകാര്യ കമ്മിഷൻ ഗ്രാന്റിന്റെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് തുകയും പ്രസ്തുത ഫണ്ടിന്റെ സുലേഖ പത്രിക പ്രകാരമുള്ള ചെലവ് തുകയും തമ്മിൽ 1059985/- രൂപയുടെ വ്യത്യാസം കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ചെലവ് | | |
|---|---|---|
| I 6 , Rp-30 (P) എന്നിവ പ്രകാരം | സുലേഖ ചെലവ് പത്രിക പ്രകാരം | വ്യത്യാസം |
| 3330074+5=3330079 | 4390064 | 1059985 |

ചെലവ് തുകയിലെ വ്യത്യാസത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 2023-24 സാമ്പത്തിക വർഷം വി.ഇ.ഒ നിർവ്വഹണം നടത്തുന്ന ജലശ്രീ കിണർ റീചാർജ്ജിംഗ് (പ്രോ നം. 109/24) എന്ന പദ്ധതിയുടെ പാർട്ട് ബിൽ 1060000/- രൂപ 31-03-2024 തീയതിയിൽ CFC പോർട്ടലിൽ നിന്നും പേയ്മെന്റ് ചെയ്ത് സുലേഖയിൽ ചെലവ് രേഖപ്പെടുത്തിയെങ്കിലും ഇ-ഗ്രാമിന്റെ കോമൺ ടെക്നിക്കൽ എറർ കാരണം 31-03-2024 ൽ ചെയ്ത പേയ്മെന്റുകൾ എല്ലാം തന്നെ PFMS Reject ആയി റിട്ടേണായി സി.എഫ്.സി ഫണ്ടിലേയ്ക്ക് തിരികെ വന്നെന്നും ഇക്കാരണത്താൽ 31/03/2024 ൽ പേയ്മെന്റ് ചെയ്ത 1060000/- രൂപ സി.എഫ്.സി ഫണ്ടിന്റെ ബാങ്ക് അക്കൌണ്ടിലേയ്ക്ക് തിരികെ ലഭ്യമാക്കുകയുണ്ടായെന്നും PFMS റിട്ടേൺ വന്ന 1060000/- രൂപയും ബാങ്ക് ചാർജ്ജ് ഇനത്തിൽ ഈടാക്കിയ 15 രൂപയും ഉൾപ്പെടെ 1060000-15= 1069175/- രൂപയുടെ വ്യത്യാസമാണ് പത്രികകൾ തമ്മിൽ നിലനിൽക്കുന്നത്" എന്ന് മറുപടി ലഭ്യമാക്കി.

2. <u>ഹെൽത്ത് ഗ്രാന്റിന്റെ ചെലവ് തുക കൃത്യത പുലർത്തുന്നില്ല</u>

ഹെൽത്ത് ഗ്രാന്റിന്റെ എ.സി.ആർ, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ ആകെ ചെലവഴിച്ച തുക 466761/- രൂപയാണ്. (പ്രോ.നം. 205,204,216,215). എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ 900853 രൂപ പ്രസ്തുത ഹെഡുകളിൽ ചെലവായി കാണിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

| ഹെഡ് | മുന്നിരിപ്പ് | വരവ് (RP 30 പ്രകാരം) | ആകെ | റവന്യൂ ഹെഡ് വഴിയുള്ള ചെലവ് (I-6 പ്രകാരം) | നീക്കിയിരിപ്പ് (ബാലൻസ് ഷീറ്റ് B-4 പ്രകാരം) | ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 320100202 Grants For Specific Purposes Health Grant Towards Support For Diagnostic InfraStructure To The PHCs | 373744 * | 821290 | 1195034 | 483023 | 712011 | 712011 |
| 320100204 Grants For Specific Purposes Health Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres | 182098 ** | 353896 | 535994 | 417830 | 118164 | 318164 |
| ആകെ | 555842 | 1175186 | 1731028 | 900853 | 830175 | 1030175 |

*മുൻ വർഷം 320100149 National Rural Health Mission എന്ന ഹെഡിലാണ് ടി തുക നീക്കിയിരിപ്പായി കാണിച്ചിരുന്നത്.

**മുൻ വർഷം 320100139 National Health Mission എന്ന ഹെഡിലാണ് ടി തുക നീക്കിയിരിപ്പായി കാണിച്ചിരുന്നത്.
***320100203 എന്ന ഹെഡിൽ 2805500/- രൂപ തൻവർഷം റസീപ്റ്റ് ചെയ്തിട്ടുണ്ടെങ്കിലും 2023-24 സാമ്പത്തിക വർഷം പ്രസ്തുത ഹെഡിലെ തുക ചെലവഴിച്ചിട്ടില്ല.

ചെലവ് തുകയിലെ വ്യത്യാസത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.33 ന് Grants For Specific Purpose- Health Grant Towards Conversion Of PHC And Subcentres In Health And Wellness Centres എന്ന ഹെഡിൽ 318164 രൂപയാണ് വരേണ്ടിയിരുന്നതെങ്കിലും ടി ഹെഡിലെ Expenditure ജേണൽ എൻട്രി 217830 ന പകരം 417830 രൂപ എൻട്രി വരുത്തിയിരുന്നതിനാലാണ് ഇത്തരത്തിൽ സംഭവിച്ചതെന്ന് മറുപടി ലഭ്യമാക്കി. ടി തുക ക്രമീകരിച്ച് അറിയിക്കേണ്ടതാണ്. 320100202 Grants For Specific Purposes Health Grant Towards Support For Diagnostic InfraStructure To The PHCs എന്ന ഹെഡിലെ ചെലവ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കേണ്ടതുമാണ്.

## 1-2-1 ബജറ്റുമായി ബന്ധപ്പെട്ട അപാകങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ബജറ്റുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

എ) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ, ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖണ്ഡിക 3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം
2. ബജറ്റ് കുറിപ്പുകൾ (Annexure 6)
3. പെർഫോമൻസ് ബജറ്റ് (Annexure 10)
4. ജെൻഡർ ബജറ്റ് (Annexure 11)
5. ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 25 വഴി ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ഇനിമുതൽ ഇവ ഫയലിൽ കൃത്യമായി സൂക്ഷിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി അറിയിച്ചിട്ടുണ്ട്.

ബി) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ, പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4]. ബജറ്റിന്റെ പ്രതിമാസ അവലോകനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തിയതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ബജറ്റിന്റെ പ്രതിമാസ അവലോകനവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം. 25 വഴി ആവശ്യപ്പെട്ടെങ്കിലും ഇത്തരം നടപടിക്രമങ്ങൾ പാലിച്ചതിന്റെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

സി) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(Xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള വാർഷിക അവലോകനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി നം. 25)

ഡി) ഗ്രാമ പഞ്ചായത്തിന്റെ ബജറ്റ് പ്രകാരം ആഡിറ്റോറിയം/ ഹാൾ വാടക ഇനത്തിൽ 35000/- രൂപ പ്രതീക്ഷിത വരുമാനമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തൻവർഷം വരുമാനമൊന്നും ലഭിച്ചിട്ടില്ല. ആയതിന്റെ കാരണം ഓഡിറ്റ് എൻക്വയറി നം. 25 വഴി അന്വേഷിച്ചതിന് ഭൌതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ കഴിയാതിരുന്നതിനാലാണ് വരുമാനം ലഭിക്കാത്തത് എന്ന് മറുപടി നൽകി. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആഡിറ്റോറിയങ്ങൾ/ ഹാളുകൾ എന്നിവയുടെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി തൻവർഷവും മുൻ വർഷങ്ങളിലും വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. എന്നിട്ടും ഇവ നിഷ്ക്രിയ ആസ്തികളായി നിലനിർത്തിയിരിക്കുന്നത് അംഗീകരിക്കാവുന്നതല്ല. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ ഓഡിറ്റോറിയങ്ങളിൽ നിന്നുള്ള വാടക തനത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

എഫ്) ഗ്രാമ പഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തിലെ ബജറ്റിലെയും റിവൈസ്ഡ് ബജറ്റിലെയും തുകകളിൽ തമ്മിൽ വലിയ അന്തരം കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | റിവൈസ്ഡ് ബജറ്റ് പ്രകാരം | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 4068999 | 97453 | 3971546 |
| വരവ് | 412732577 | 298648352 | 114084225 |
| ആകെ | 416801576 | 298745805 | 118055771 |
| ചെലവ് | 412592748 | 293934921 | 118657827 |
| നീക്കി ബാക്കി | 4208828 | 4810884 | -602056 |

തുകകൾ തമ്മിലുള്ള അന്തരത്തിന്റെ കാരണം ഓഡിറ്റ് എൻക്വയറി നം. 25 വഴി അന്വേഷിച്ചെങ്കിലും വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല. വരും വർഷങ്ങളിൽ കൃത്യമായ ആസൂത്രണത്തോടെയും ദീർഘ വീക്ഷണത്തോടെയും ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| പാസാക്കിയ തീയതി | 24-03-2023 | 24-01-2024 |
| ഭരണസമിതി തീരുമാനം | 1(1) | 2(1) |
| മുന്നിരിപ്പ് | 4068999 | 97453 |
| പ്രതീക്ഷിത വരവ് | 412732577 | 298648352 |
| ആകെ | 416801576 | 298745805 |
| പ്രതീക്ഷിത ചെലവ് | 412592748 | 293934921 |
| നീക്കി ബാക്കി | 4208828 | 4810884 |

## 1-3 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം പഞ്ചായത്തിന്റെ വരവ് -ചെലവ് സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കും വിധമാണ്.

| | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ ) | 13120765 | 15072578 | -1951813 |
| വികസന ഫണ്ട് (എസ്.സി.പി.) | 4483891 | 3820599 | 663292 |
| വികസന ഫണ്ട് (ടി.എസ്. പി) | 3 4439 | 334274 | -299835 |
| പതിനഞ്ചാം ധനകാര്യ കമ്മിഷൻ ഗ്രാന്റ് ( Tied ) | 2342000 | 2687718 | -345718 |
| പതിനഞ്ചാം ധനകാര്യ കമ്മിഷൻ ഗ്രാന്റ് (Un- Tied Basic ) | 3123000 | 1702346 | 1420654 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 5136650 | 2601981 | 2534669 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) | 7542000 | 5762657 | 1779343 |
| CSS | 0 | 3003542 | -3003542 |
| SSS | 0 | 6890000 | -6890000 |

ഗ്രാന്റ് വിനിയോഗം സംബന്ധിച്ച അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>വിവിധ പത്രികകളിലെ ഗ്രാന്റ് തുകകൾ പരസ്പരം പൊരുത്തപ്പെടുന്നില്ല</u>

I.ഗ്രാന്റ് സ്റ്റേറ്റ്മെന്റ് Receipt ഭാഗത്ത് Source Deduction കൂടാതെയുള്ള വരവ് തുകയും Expenditure ഭാഗത്ത് Source Deduction ഉൾപ്പെടെയുള്ള ചെലവ് തുകയുമാണ് കാണപ്പെടുന്നത്. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഗ്രാന്റുകളിൽ വരവിനേക്കാൾ കൂടുതൽ ചെലവ് കാണപ്പെടുന്നുണ്ട്.

Ii.സി.എസ്.എസ്, എസ്.എസ്.എസ് ഫണ്ടിന്റെ വരവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ നീക്കിയിരിപ്പ് തുക നെഗറ്റീവ് തുകയായി കാണപ്പെടുന്നു.

Iii.വെബ്സാംഖ്യ മുഖേന ലഭ്യമാകുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ(എ.സി.ആറിൽ) നിർവഹണ ഉദ്യോഗസ്ഥർ ബിൽ ജനറേറ്റ് ചെയ്യുമ്പോൾ തന്നെ ചെലവ് രേഖപ്പെടുത്തുന്നതിനാൽ ആയതിൽ ക്യൂബില്ലുകളും ട്രഷറിയിൽ നിന്നും പേയ്മെന്റ് ചെയ്യാത്ത ബിൽ തുകകളും ഉൾപ്പെടുന്നുണ്ട്.

Iv.സി.എഫ്.സി ഫണ്ടുകളിൽ(Tied &Untied) മുന്നിരിപ്പ് ഉണ്ടെങ്കിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ആയത് ഉൾപ്പെട്ടിട്ടില്ല.

മേൽ കാരണങ്ങളാൽ വാർഷിക ധനകാര്യ പത്രിക , ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , എ.സി.ആർ എന്നിവയിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളിൽ പൊരുത്തപ്പെടുന്നില്ല

<u>2. മുൻവർഷം ചെലവഴിക്കാത്തതും തിരിച്ചടയ്ക്കാത്തതുമായ ഫണ്ടുകൾ തൻവർഷവും ചെലവഴിച്ചിട്ടില്ല.</u>

ബാലൻസ്ഷീറ്റ് B-4 പ്രകാരം 2022-23 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ചിരുന്ന ചുവടെ ചേർക്കുന്ന ഫണ്ടുകൾ 2023-24 സാമ്പത്തിക വർഷത്തിലും ചെലവഴിച്ചിട്ടില്ല. ആയതിന്റെ കാരണം അറിയിക്കാൻ ഓഡിറ്റ് എൻക്വയറി നം. 32 വഴി ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടി ഇതോടൊപ്പം ചേർക്കുന്നു.

| ഹെഡ് കോഡ് | ഹെഡ് | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക | ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭിച്ച മറുപടി |
|---|---|---|---|
| 320100105 | Awards And Honours-Central Governement | 200000 | 2024-25 സാമ്പത്തിക വർഷത്തിലെ പദ്ധതിയിൽ 82/24-25 പ്രോജക്ടിൽ വകയിരുത്തിയിട്ടുണ്ട് |
| 320100152 | Other Schemes | 180000 | 2022-23 വർഷത്തെ ലെഡ്ജറിൽ Un-Identified ആയി റസീപ്റ്റ് ചെയ്ത തുകയാണ് 180000/- രൂപ. ആയതിനാലാണ് ടി തുക ചെലവഴിക്കാത്തത് |
| 320300199 | Grants, Funds And Contributions For Specific Purposes- Other Government Agencies | 388952 | 320300199 എന്ന ഹെഡിലെ 2021-22, 2022-23 വർഷത്തെ ലെഡ്ജറിൽ PI, Life State Share എന്നിവയും Unidentified റസീപ്റ്റ് ആയ 125500/- |

| | | | |
|---|---|---|---|
| | | | രൂപയും ചേർന്നാണ് 388952/- രൂപ കാണിക്കുന്നത്. |
| 320800199 | Other Grants , Funds And Contribtions For Specific Purposes -Capital | 12000 | ലെഡ്ജറിൽ സാംഖ്യയിൽ നിന്നും ILGMS ലേക്ക് ഡെബിറ്റ് ജേണൽ ഇട്ട തുകയാണ് 12000 രൂപ (മറുപടിയിൽ വ്യക്തതയില്ല) |

ബാലൻസ്ഷീറ്റിൽ ബാധ്യതയായി അവശേഷിക്കുന്ന ടി തുകകൾ വികസന പദ്ധതികൾക്കായി വകയിരുത്തി ചെലവഴിയ്ക്കുന്നതിനോ തുക തിരികെ അടവാക്കുന്നതിനോ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

3)പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം പൂർണ്ണമായും ചെലവഴിച്ചിട്ടില്ല.

2023 -24 വർഷത്തെ ബാലൻസ്ഷീറ്റിൽ Beneficiary Contributions ഇനത്തിൽ 27578/- രൂപയുടെ ബാലൻസ് അവശേഷിക്കുന്നുണ്ട്. ടി തുക ഏത് പദ്ധതിയുമായി ബന്ധപ്പെട്ട് പിരിച്ചെടുത്തതാണെന്ന വിവരം, ടി തുക ചെലവഴിക്കാത്തതിന്റെ കാരണം എന്നിവ അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 32 ന് വി.ഇ.ഒ യുടെ പ്രോജക്ട് ആയ 122/24 വീടുകളിൽ ബയോകമ്പോസ്റ്റ് ബിൻ എന്ന പദ്ധതിയുടെ ഗുണഭോക്തൃ വിഹിതമായ 27578 രൂപയാണ് ബാലൻസ് ആയി കാണിക്കുന്നതെന്നും പദ്ധതി പൂർത്തിയാക്കാത്തതിനാലാണ് ടി തുക അടവാക്കാത്തതെന്നും മറുപടി നൽകി. പദ്ധതി അടിയന്തിരമായി പൂർത്തിയാക്കി അറിയിക്കേണ്ടതാണ്

4)മേഖലാ അടിസ്ഥാനത്തിലുള്ള ചെലവുകൾ അടങ്കൽ തുകയുടെ 50 ശതമാനത്തിൽ താഴെ മാത്രം

ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു

| മേഖല | വിഭാഗം | അടങ്കൽ (മറ്റുള്ളവ ഒഴികെ) | ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 12425630 | 2463530 | 19.8 |
| | പട്ടിക ജാതി | 400000 | 0 | 0 |
| സേവനം | പൊതുവിഭാഗം | 63850061 | 12568048 | 19.7 |
| | പട്ടിക ജാതി | 9745520 | 3423402 | 35.1 |
| | പട്ടിക വർഗ്ഗം | 466000 | 334274 | 71.7 |
| പശ്ചാത്തലം | പൊതുവിഭാഗം | 310265 | 41000 | 13.21 |
| | പട്ടിക ജാതി | 1294394 | 397197 | 30.6 |
| | പട്ടിക വർഗ്ഗം | 0 | 0 | 0 |

വിവിധ വിഭാഗങ്ങളിലെ ചെലവ് ശതമാനം 50% ൽ താഴെയാണ്. ചെലവു ശതമാനം കുറയാനിടയായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ടും ഉല്പാദനം, പശ്ചാത്തലം എന്നീ മേഖലകളിലായി പട്ടിക വർഗ്ഗ വിഭാഗത്തിനായി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാത്തതിന്റെ കാരണം അന്വേഷിച്ചും നൽകിയ ഓഡിറ്റ് എൻക്വയറി നം. 32 ന് ലഭ്യമായ വികസന ഫണ്ട് മാർഗ്ഗരേഖ പ്രകാരം അനിവാര്യ പദ്ധതികൾക്ക് തുക വകയിരുത്തി പദ്ധതി ആസൂത്രണം ചെയ്തിരുന്നെങ്കിലും വികസനഫണ്ട് മൂന്നാം ഗഡു 22-03-2024 നാണ് അലോട്ട്മെന്റ് ലഭ്യമായി ടി പദ്ധതി പ്രകാരമുള്ള ബില്ലുകൾ 25-03-2024 ൽ സമർപ്പിക്കാൻ കഴിഞ്ഞതെന്നും എന്നാൽ പ്രസ്തുത സാമ്പത്തിക വർഷം പ്രസ്തുത ബില്ലുകൾ ട്രഷറിയിൽ പാസാക്കാത്തത് കാരണം ടി സാമ്പത്തിക വർഷത്തിൽ മേഖല അടിസ്ഥാനത്തിലുള്ള പദ്ധതിയിൽ ചെലവ് വരുത്തുന്നതിന് സാധിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.

5) വാതിൽപ്പടി സേവനം പദ്ധതി നടപ്പിലാക്കിയിട്ടില്ല

പ്രായാധിക്യം, ഗുരുതര രോഗം തുടങ്ങിയ കാരണങ്ങളാൽ ചലനശേഷി പരിമിതപ്പെട്ട് അവശത അനുഭവിക്കുന്ന വ്യക്തികൾക്ക് അനിവാര്യമായ സേവനങ്ങൾ അവരുടെ വീട്ടുപടിക്കൽ സന്നദ്ധ പ്രവർത്തകർ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന പദ്ധതിയാണ് "വാതിൽപ്പടി സേവനം". ഇതിനായി ആവശ്യമായ ലാപ്ടോപ്, ബയോമെട്രിക് ഉപകരണങ്ങൾ, അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി

ഗ്രാമപഞ്ചായത്തുകൾ ഒരു ലക്ഷം രൂപയിൽ അധികരിയ്ക്കാത്ത തുക വാർഷിക പദ്ധതിയിൽ നീക്കിവയ്ക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ തൻവർഷം പ്രസ്തുത പദ്ധതിയ്ക്കായി തുക വകയിരുത്തിയിട്ടില്ല. ആയതിനായി നാളിതുവരെ ബാങ്ക് അക്കൌണ്ട് ആരംഭിച്ചിട്ടുമില്ല. ഇത് സംബന്ധിച്ച് നൽകിയ 2024-25 സാമ്പത്തിക വർഷം പ്രോജക്റ്റ് ഏറ്റെടുത്ത് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നം. 32 ന്റെ മറുപടി). തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-4 സാമ്പത്തിക അവലോകനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 7943304 |
| ഓഡിറ്റ് വർഷത്തെ വരവ് | 52169666 |
| ആകെ | 60112970 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 43262206 |
| നീക്കിയിരിപ്പ് | 16850764 |

## 1-5 പദ്ധതി അവലോകനം

1) 2023-24 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ് എന്നിവയുടെ വിശദാംശങ്ങൾചുവടെ ചേർക്കുന്നു.

**(എ)**

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴികെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 15 | 14 | 1 | 1426985 | 771997 | 54 |
| വെറ്റിനറി സർജൻ | 8 | 4 | 4 | 1517500 | 447291 | 29 |
| മെഡിക്കൽ ഓഫീസർ – എഫ്.എച്ച്.സി | 15 | 12 | 3 | 8499930 | 4716578 | 55 |
| മെഡിക്കൽ ഓഫീസർ - ഹോമിയോ | 4 | 1 | 3 | 1340000 | 1000000 | 75 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 33 | 21 | 12 | 170542617 | 14406812 | 8 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 19 | 14 | 5 | 7137659 | 3324907 | 47 |
| സെക്രട്ടറി | 40 | 29 | 11 | 20335231 (13483966+ 6851265) | 11053724 | 54.35 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 53 | 28 | 25 | 27929854 | 9227348 | 33 |
| എച്ച്.എം. | 16 | 13 | 3 | 5548306 | 4077073 | 73 |

| | | | | | | |
|---|---|---|---|---|---|---|
| ഡയറിഫാം ഇൻസ്ട്രക്ടർ | 2 | 2 | 0 | 1927360 | 1650655 | 86 |

I) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആകെ വകയിരുത്തിയ ഫണ്ടിന്റെ 8% മാത്രമാണ് ചെലവഴിച്ചത്.

Ii)അസിസ്റ്റന്റ് എഞ്ചിനീയർ 53 മരാമത്ത് പ്രവൃത്തികൾക്കായി അംഗീകാരം വാങ്ങിയെങ്കിലും 25 പ്രവൃത്തികൾ നടപ്പാക്കിയില്ല. ഇതിൽ 166/24, 174/24 എന്നീ സ്പിൽ ഓവർ പ്രവൃത്തികളും ഉൾപ്പെടുന്നു. ആകെ വകയിരുത്തിയ ഫണ്ടിന്റെ 26% മാത്രമാണ് ചെലവഴിച്ചത്.

Iii)വെറ്ററിനറി സർജൻ വകയിരുത്തിയ ഫണ്ടിന്റെ 29% മാത്രമാണ് ചെലവഴിച്ചത്.

ലൈഫ് ഭവന പദ്ധതി പൂർത്തീകരിച്ചിട്ടില്ലാത്തതിനാലാണ് വി.ഇ.ഒയുടെ പദ്ധതി നിർവ്വഹണ ചെലവ് 8% ആയതെന്ന് വിശദീകരിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 12/15.06.2024ന്റെ മറുപടി)

(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 20020994 | 15072578 | 75 |
| എസ്.സി.പി. | 5459000 | 3820599 | 70 |
| ടി.എസ്.പി. | 356000 | 334274 | 94 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 9963035 | 4390064 | 44 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 12973284 | 3003542 | 23 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 74512500 | 6890000 | 9 |
| തനത് ഫണ്ട് | 3505623 | 2314519 | 66 |
| ബ്ലോക്ക്പഞ്ചായത്ത് വിഹിതം | 34007138 | 3790035 | 11 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 55025375 | 2229375 | 4 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 7705000 | 2601981 | 34 |
| മെയിന്റനൻസ് ഫണ്ട് റോഡിതരം | 11584020 | 5762657 | 50 |
| മറ്റുള്ളവ | 171597647 | 8711480 | 5 |
| ആകെ | 410951824 | 59387865 | 14 |

സി)

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 205 | 126 | 79 | 246205442 (23,93,54,177+6851265) | 5,06,76,385 | 20.58 |

ആസൂത്രണ സമിതി

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1അനുസരിച്ച് 2(2)/28.11.2022തീരുമാനപ്രകാരം ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട്.

പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ

വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ, പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 (ബി)1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ലായെന്ന് കാണുന്നു. 22.12.2022ൽ ആസൂത്രണ സമിതി യോഗം കൂടിയിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ 8 അംഗങ്ങളാണ് പങ്കെടുത്തത്.

<u>വർക്കിംഗ് ഗ്രൂപ്പ്</u>

സ.ഉ.കൈ.നം 84/2022 തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.1.2 എ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ നാമ മാത്രമായ പ്രാതിനിധ്യമാണ് യോഗങ്ങളിലുള്ളത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| വർക്കിംഗ് ഗ്രൂപ്പ് | അംഗങ്ങളുടെ എണ്ണം | യോഗ തീയതി | പങ്കെടുത്തവരുടെ എണ്ണം |
|---|---|---|---|
| പട്ടികജാതി വികസനം | 17 | 28.12.2022 | 10 |
| | | 10.01.2023 | 10 |
| പട്ടികവർഗ്ഗ വികസനം | 18 | 28.12.2022 | 10 |
| | | 10.01.2023 | 9 |
| പൊതുമരാമത്ത് | 17 | 28.12.2022 | 11 |
| | | 10.01.2023 | 6 |
| വനിതാവികസനം | 17 | 28.12.2022 | 12 |
| | | 10.01.2023 | 9 |

വിദ്യാഭ്യാസം, കലയും സംസ്കാരവും, യുവജനക്ഷേമം വർക്കിംഗ് ഗ്രൂപ്പ് ഒഴികെ മറ്റെല്ലാ വർക്കിംഗ് ഗ്രൂപ്പുകളും 2023-24 പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് രണ്ട് യോഗങ്ങൾ മാത്രമാണ് കൂടിയിട്ടുള്ളത്. ഇവയിൽ 10.01.2023ലേത് വികസന സെമിനാറാണ്. ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും വിവിധ പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്.

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ആയതിന്റെ നടപടിക്രമങ്ങൾ / വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം |
|---|---|---|---|
| I | പൊതുഭരണവും ധനകാര്യവും | 28.12.2022 | പഞ്ചായത്ത് ആസ്തികളുടെ ഡിജിറ്റലൈസേഷൻ |
| | | 10.01.2023 | വെള്ളാഞ്ചിറ സ്റ്റേഡിയം അളന്നു തിട്ടപ്പെടുത്തി ചുറ്റുമതിൽ കെട്ടി ഉപയോഗയോഗ്യമാക്കുക |
| Ii | പട്ടികജാതി വികസനം | 10.01.2023 | അംബേദ്കർ ഗ്രാമത്തിൽ ഗ്രന്ഥശാല നിർമ്മാണം. |
| Iii | പ്രാദേശിക സാമ്പത്തിക വികസനം | 28.12.2022 | പനവൂർ ജംഗ്ഷൻ കേന്ദ്രീകരിച്ച് പാർക്കിംഗ് സൌകര്യം |

<u>സ്റ്റാറ്റസ് റിപ്പോർട്ട്</u>

വാർഷികപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി അവസ്ഥാരേഖ പരിഷ്കരിച്ചിട്ടുണ്ട്. ആയതിന്റെ നടപടിക്രമങ്ങളുടെ വിശദാംശം ലഭ്യമാക്കിയില്ല.

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള താഴെ ചേർക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാര നടപടികൾ പദ്ധതികൾ മുഖേന നടപ്പാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

| ക്രമ നമ്പർ | മേഖല | തീവ്രത | പ്രശ്നം |
|---|---|---|---|
| I | കൃഷി | അതീവ ഗുരുതരം | ജലസേചന സൌകര്യങ്ങളുടെ അഭാവം |
| | | | സംഭരണ വിതരണ കേന്ദ്രം |
| | | | ജലസംരക്ഷണം |
| | | | വന്യജീവി ആക്രമണം |
| Ii | മൃഗസംരക്ഷണവും ക്ഷീര വികസനവും | അതീവ ഗുരുതരം | തെരുവ് നായ ശല്യം |
| | | ഗുരുതരം | കന്നുകാലികളുടെ എണ്ണത്തിലുള്ള കുറവ് |
| | | | ഉയർന്ന ഉല്പാദന ചെലവ് |
| Iii | പട്ടികജാതി വികസനം | ഗുരുതരം | പട്ടികജാതി കോളനികളിൽ യുവാക്കളുടെയിടയിൽ മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം |
| Iv | പട്ടികവർഗ്ഗ വികസനം | അതീവ ഗുരുതരം | വന്യജീവി ശല്യം കാരണം കൃഷി ചെയ്ത് ഉപജീവനം നടത്താൻ കഴിയുന്നില്ല |
| | | ഗുരുതരം | ഊരുകളിൽ സ്ട്രീറ്റ് ലൈറ്റിന്റെ അഭാവം |
| V | കുടിവെള്ളം ശുചിത്വം | അതീവ ഗുരുതരം | മാലിന്യ സംസ്കരണം |
| | | ഗുരുതരം | കുടിവെള്ള സ്രോതസുകൾ മലിനമാക്കപ്പെടുന്നു. |
| Vi | പൊതുമരാമത്ത് | ഗുരുതരം | സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്തതുമൂലം അങ്കണവാടികൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. |

ഗ്രാമസഭ

ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതാണ്. എന്നാൽ, ഇപ്രകാരം ഗ്രാമസഭയിൽ കണക്കുകൾ അവതരിപ്പിച്ചിട്ടില്ല. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേക്ഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്സിന്റെ പരിശോധനയിൽ, പ്രസ്തുത വ്യവസ്ഥ/ നിബന്ധനകൾ പാലിച്ചിട്ടുള്ളതായി കാണുന്നില്ല..

വായ്പ

മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾ ചർച്ച ചെയ്ത് വ്യക്തത വരുത്താവുന്നതാണ്. വായ്പാ ബന്ധിതമായി കുടുംബശ്രീ വഴി ഗ്രൂപ്പുകൾക്ക് ഗൃഹശ്രീ മുട്ടക്കോഴി വളർത്തൽ എന്ന പ്രോജക്ട് നടപ്പാക്കി വരുന്നതായി അറിയിച്ചിട്ടുണ്ട്. ആനാട് ഫാർമേഴ്സ് സഹകരണ സംഘം വഴി ബാങ്കലോൺ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പാക്കി വരുന്നത്.

തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം

മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ, മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച് തൻവർഷം പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.

നൂതന പ്രോജക്ടുകൾ

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിൽ നൂതന പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല. ഫണ്ടിന്റെ അപര്യാപ്തതയാണ് ഇതിന് കാരണമായി വിശദീകരിച്ചിട്ടുള്ളത്.

ഊരുകൂട്ടം

ഊരുകൂട്ടത്തിന്റെ മിനിട്സ് പരിശോധിച്ചതിൽ, 06.01.2023ലെ യോഗത്തിൽ നാരായണൻ മെമ്മോറിയൽ ഹാൾ, ഉപ്പനച്ചാംകുഴി റോഡ്, പാണയം മരുതകം റോഡ്, പാണയം സമാധി മൺപുറം റോഡ് എന്നിവയുടെ പുനരുദ്ധാരണത്തിനും വിശ്വപുരം വാർഡിലെ കോട്ടവരമ്പ നിന്ന് പട്ടയെ പോകുന്ന മൺറോഡ് കോൺക്രീറ്റ് ചെയ്യുന്നതിനും നിർദ്ദേശമുണ്ടായതായി കാണുന്നു.

06.05.2023ലെ ഊരുകൂട്ട യോഗത്തിൽ, അഗ്രോ സർവ്വീസ് സെന്റർ കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നിർദ്ദേശമുണ്ട്.

എസ്.ടി ഫണ്ടിന്റെ അപര്യാപ്തത കാരണം ഊരുകൂട്ടം നിർദ്ദേശിച്ച പ്രോജക്ടുകൾ നടപ്പാക്കാൻ സാധിച്ചിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്.

പദ്ധതി വിഹിതത്തിലൂടെ ഗ്രാമപഞ്ചായത്തിന്റെ വികസന ലക്ഷ്യങ്ങൾ പൂർണമായി നേടുന്നതിനും ലഭ്യമാകുന്ന തുക പാഴാക്കാതെ പൂർണമായി ചെലവഴിക്കുന്നതിനും കൂടുതൽ തുക നിയമാനുസൃത മാർഗ്ഗേന ലഭ്യമാക്കുന്നതിനും സർക്കാർ ഉത്തരവുകൾ, മാർഗരേഖ എന്നിവ കൃത്യമായി അനുവർത്തിക്കേണ്ടതിന്റെ ആവശ്യകത ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും പ്രത്യേകം ഉൾക്കൊള്ളേണ്ടതുണ്ട് എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 1-6 ക്ഷേമ പദ്ധതികൾ

2023-24 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 54,18,200 | 458 |
| 2 | വിധവ പെൻഷൻ | 1,31,43,300 | 1221 |
| 3 | വാർദ്ധക്യകാല പെൻഷൻ | 2,16,76,600 | 2133 |
| 4 | വികലാംഗ പെൻഷൻ | 33,42,100 | 296 |
| 5 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 1,20,000 | 4 |
| 6 | 50 വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3,38,600 | 30 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.06.2024, 2.30 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1580രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ അപാകങ്ങളില്ലാതെ പ്രവർത്തിക്കുന്നുണ്ട്. ഓഡിറ്റിനായി ഫയലുകൾ ലഭ്യമാക്കുന്നതിലും ഓഡിറ്റ് അന്വേഷണങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിലും ജാഗ്രത പുലർത്തിയിട്ടുണ്ട്. ചുവടെ ചേർക്കുന്ന പ്രസക്തമായ വിഷയങ്ങളിൽക്കൂടി ശ്രദ്ധ ചെലുത്തേണ്ടതാണ്.

1)ഓഫീസ് ഉത്തരവ് മുഖേന ജോലിവിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്.

2)കൃത്യമായ ഇടവേളകളിൽ സ്റ്റാഫ് മീറ്റിംഗുകൾ നടത്തിയിട്ടുണ്ട്.

എ)റിവ്യൂ മീറ്റിംഗുകൾ നടത്തിയിട്ടുള്ളതായി അറിയിച്ചെങ്കിലും(ഓഡിറ്റ് എൻക്വയറി നമ്പർ 13/15.06.2024ന്റെ മറുപടി), സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല.

ബി)ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങൾ, ചെറുകിട കച്ചവട സ്ഥാപനങ്ങൾ എന്നിവ കൃത്യതയോടുകൂടി സ്ഥല പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിന് 08.06.2023ലെ സ്റ്റാഫ് മീറ്റിംഗിൽ ചുമതലപ്പെടുത്തിയിരുന്നു. ഇതിനെ തുടർന്ന്, ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്.

3) 2004ലെ കേരള പഞ്ചായത്ത് രാജ് (പൌരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം മൂന്നാം ചട്ട പ്രകാരം തയ്യാറാക്കിയതും നാലാം ചട്ടപ്രകാരം പ്രസിദ്ധീകരിച്ചതുമായ പൌരാവകാശരേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. 2023 വർഷത്തെ പൌരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിച്ചതായി അറിയിച്ചിട്ടുണ്ട്. എന്നാൽ, പൊതുജനങ്ങൾക്ക് വിതരണം ചെയ്തതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

4)ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ(കൈ) നം 123/2009/ തസ്വഭവ തീയതി 02.07.2009 പ്രകാരം, ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിക്കണം. മോണിറ്ററിംഗ് സമിതി ഫ്രണ്ട് ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നതായി അറിയിച്ചെങ്കിലും സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല.

5)ഗ്രാമപഞ്ചായത്തോഫീസിൽ റിക്കോഡ് റൂം സജ്ജീകരിക്കുകയും പൊതുജനങ്ങൾക്കുള്ള പരാതിപ്പെട്ടി സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായവും ഏർപ്പെടുത്തിയിട്ടുണ്ട്.

6)ഗ്രാമ പഞ്ചായത്തിലെ അനധികൃത കെട്ടിട നിർമ്മാണം നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് വാർഡ് തല പരിശോധന ഊർജ്ജിതപ്പെടുത്തുന്നതിന് 17.03.2023ലെ സ്റ്റിയറിംഗ് കമ്മിറ്റി യോഗം തീരുമാനിച്ചിരുന്നു. വാർഡ് സ്റ്റാഫിന്റെ ഫീൽഡ് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അനധികൃത കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ക്രമവല്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്.

7)വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്നതിലുണ്ടായ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

8)തൊഴിലുറപ്പ് പദ്ധതിക്കായി വാങ്ങുന്ന മെറ്റീരിയലുകളുടെ സ്റ്റോക്ക്- വിതരണരേഖകളിൽ സുതാര്യത ഉണ്ടാകേണ്ടതാണ്.

9)തനത് വരുമാനം പൂർണമായും കൃത്യമായും പിരിച്ചെടുക്കുന്നതിനും ലൈസൻസിംഗ്, രജിസ്ട്രേഷൻ നടപടിക്രമങ്ങളിലും കാര്യക്ഷമമായ പ്രവർത്തനങ്ങളുണ്ടാകണം.

10)മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

11)ആസ്തി സംരക്ഷണത്തിന് ഉചിതമായ മാർഗങ്ങൾ അവലംബിക്കേണ്ടതാണ്.

## 1-9-1 ഉപയോഗ ശേഷം ബാക്കിയുള്ള മെറ്റീരിയലുകൾ തിരികെ സ്റ്റോക്കിലെടുത്ത് മറ്റ് പ്രവൃത്തികൾക്കായി വിനിയോഗിക്കുന്നില്ല.

മെറ്റീരിയൽ വർക്കിനായി സമാഹരിക്കുന്ന വസ്തുക്കളുടെ സ്റ്റോക്ക് വിവരം രേഖപ്പെടുത്തിയിരിക്കുന്ന രജിസ്റ്റർ പരിശോധിച്ചതിൽ സ്റ്റോക്കുകളുടെ മുന്നിരിപ്പ് ഒരു പേജിലും രേഖപ്പെടുത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടു.

മെറ്റീരിയൽ വർക്കിനായി സമാഹരിക്കുന്ന സ്റ്റോക്കുകൾ പൂർണ്ണമായും വിനിയോഗിച്ചതായി രേഖപ്പെടുത്തി നീക്കിയിരിപ്പ് ഇല്ല എന്നാണ് പൊതുവായി രേഖപ്പെടുത്തി വരുന്നത്. സ്റ്റോക്ക് രജിസ്റ്ററിന്റെ പേജ് നം. 43 ൽ 2022-23 സാമ്പത്തിക വർഷത്തിൽ 21-07-2022, 26-07-2022 എന്നീ തീയതികളിലായി സമാഹരിച്ച കയർ ഭൂവസ്ത്രത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. 2000 M2, 4000 M2 എന്നീ അളവുകളിലായി ലഭിച്ച കയർഭൂവസ്ത്രം പൂർണ്ണമായും വിനിയോഗിച്ച് നീക്കിയിരിപ്പ് ഇല്ല എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ശേഷം രജിസ്റ്ററിൽ മറ്റൊരിടത്തും കയർ ഭൂവസ്ത്രം സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല. എന്നാൽ 18-06-2024 ൽ നടത്തിയ സ്ഥലപരിശോധയിൽ പനവൂർ ഗ്രാമപഞ്ചായത്തിലെ ജനകീയ ഹോട്ടലിന് അടുത്തായി നിർമ്മിച്ചിട്ടുള്ള ടേക്ക് എ ബ്രേക്ക് കെട്ടിടത്തിൽ കയർ ഭൂവസ്ത്രങ്ങൾ സൂക്ഷിച്ചിട്ടുള്ളതായി കാണുകയുണ്ടായി. കൂടാതെ, പാണയം അഗ്രോ സർവ്വീസ് സെന്റർ കമ്മ്യൂണിറ്റി ഹാളിനോട് ചേർന്ന് ദ്രവിച്ച് നശിച്ച അവസ്ഥയിലും കയർ ഭൂവസ്ത്രം കാണുകയുണ്ടായി. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം നീക്കിയിരിപ്പ് ഇല്ല എന്ന് രേഖപ്പെടുത്തിയിരിക്കെ ഇത്തരത്തിൽ വിവിധ ഇടങ്ങളിലായി കയർ ഭൂവസ്ത്രം സൂക്ഷിച്ചിരിക്കുന്നതിന്റെ കാരണം ഓഡിറ്റ് എൻക്വയറി നം 37 വഴി അന്വേഷിച്ചതിന്, 2022-23 സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിന്റെ തോടുകൾ, കുളങ്ങൾ എന്നിവയുടെ വശങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി കയർ ഭൂവസ്ത്രം വിരിയ്ക്കുന്നതിന് പദ്ധതി പ്രകാരം കയർഫെഡിൽ നിന്നും വാങ്ങിയ 6000 M2 കയർ ഭൂവസ്ത്രം, ആയത് ലഭിച്ച ഉടൻ തന്നെ ഗ്രാമപഞ്ചായത്തിന്റെ സ്റ്റോക്കിലെടുക്കുകയും പദ്ധതി നിർവ്വഹണത്തിനായി വിവിധ വാർഡുകളിൽ ബന്ധപ്പെട്ട പ്രവൃത്തികളുടെ നടത്തിപ്പിനായി തെരഞ്ഞെടുത്തിട്ടുള്ള മേറ്റുമാർക്ക് നൽകുകയും ചെയ്തിരുന്നെന്നും ആയതിനാലാണ് സ്റ്റോക്കിൽ ബാക്കി രേഖപ്പെടുത്താതിരുന്നതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗ ശേഷം ബാക്കിയുള്ള കയർ ഭൂവസ്ത്രമാണ് ഇവിടങ്ങളിൽ സൂക്ഷിച്ചിരിക്കുന്നതെന്നും വിവിധ ഇടങ്ങളിലായി സൂക്ഷിച്ചിരിക്കുന്ന കയർ ഭൂവസ്ത്രം ഉപയോഗിക്കാൻ കഴിയുന്നവ ഈ സാമ്പത്തിക വർഷം ഉപയോഗിച്ച് ആസ്തി സംരക്ഷിക്കുന്നതാണെന്നും ഇനി മുതൽ അതത് പ്രവൃത്തിക്കുള്ള സാധന സാമഗ്രികളുടെ വരവും ചെലവും സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി എഴുതി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി നടത്തിന് ശേഷം അവശേഷിക്കുന്ന സ്റ്റോക്കുകൾ പാഴാക്കാതെ തിരികെ സ്റ്റോക്കിലെടുത്ത് മറ്റ് പ്രവൃത്തികൾക്കായി വിനിയോഗിക്കുന്നതിന് വരും വർഷങ്ങളിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-9 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3939 | 1621990 | 1625929 | 1625928* | 1 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 57110000 | 57110000 | 57110000 | 0 |
| ആകെ | 3939 | 58731990 | 58735929 | 58735928 | 1 |

*I-14 F പ്രകാരം ഭരണ ചെലവ് 1617906/- രൂപയാണ്.

## 1-10 തനത് വരുമാനം കൃത്യമായി പിരിച്ചെടുക്കാത്തതിനാൽ വികസനഫണ്ടിൽ നിന്നും 188640/- രൂപ കുറവ് ചെയ്തു

ഡിമാന്റ് ചെയ്യപ്പെടുന്ന തനത് വരുമാനത്തിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ വികസന ഫണ്ടിൽ നിന്നും ഒരു ശതമാനം തുക കുറവ് ചെയ്യുന്നതിന് ജി.ഒ.(എം.എസ്)നം. 179/2022/ഫിൻ തീ. 18/10/2022 പ്രകാരം തീരുമാനം എടുത്തിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾക്ക് 2023-24 സാമ്പത്തിക വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡു സ.ഉ. (സാധാ) നം. 2858/2024/ ധന തീ. 22-03-2024 പ്രകാരം ലഭ്യമാക്കിയതിൽ പനവൂർ ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും 188640 രൂപ മേൽ ഉത്തരവ് പ്രകാരം കുറവ് ചെയ്തിട്ടുണ്ട്. തനത് വരുമാനം കാര്യക്ഷമമായി പിരിച്ചെടുക്കാത്തതിനാലാണ് പ്രസ്തുത തുക കുറവ് ചെയ്തിരിക്കുന്നത്. ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള തനത് വരുമാനങ്ങൾ നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ സമാഹരിച്ചിട്ടുണ്ടെന്നും മുൻവർഷങ്ങളിലെയോ തനത് സാമ്പത്തിക വർഷത്തെയോ വരവിനങ്ങളൊന്നും സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ല എന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കിയിട്ടില്ല. പ്രതീക്ഷിത വരവും യഥാർത്ഥ വരുമാനവും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റി സജീവ ഇടപെടൽ നടത്തേണ്ടതാണ്. തനത് വരുമാനം പിരിച്ചെടുക്കുന്നതിലെ കുറവ് ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി

ബാധിക്കുമെന്നതിനാൽ തനത് വരുമാനത്തിന്റെ വർധനവ് ഉറപ്പ് വരുത്തുക ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അതീവ പ്രാധാന്യം അർഹിക്കുന്ന വിഷയമാണ്. നികുതി -നികുതിയേതര വരുമാനം ഡിമാന്റ് ചെയ്യുന്നതിനും പിരിച്ചെടുക്കുന്നതിനും, വരുമാന വർധനവിന് ക്രിയാത്മകമായ മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിനും വരും വർഷങ്ങളിൽ പ്രാധാന്യം നൽകേണ്ടതാണ്.

## 1-11 ഉപയോഗ ക്രമം തെറ്റായി രേഖപ്പെടുത്തി കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കി

100 ചതുരശ്ര മീറ്ററിൽ അധികം വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങളെ "വാണിജ്യാവശ്യത്തിനുള്ളവ **100 ചതുരശ്രമീറ്റർ വരെ** തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ" എന്ന ഗണത്തിൽ ഉൾപ്പെടുത്തി നികുതി ഈടാക്കിയത് വഴി നികുതി നഷ്ടം സംഭവിച്ചിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | വിസ്തീർണ്ണം | ഉപയോഗക്രമം | ഈടാക്കുന്ന അടിസ്ഥാന വസ്തു നികുതി നിരക്ക് (രൂപ/ ച.മീ) | ശരിയായ ഉപയോഗ ക്രമം | ഈടാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തു നികുതി നിരക്ക് (രൂപ/ ച.മീ) |
|---|---|---|---|---|---|---|
| 1 | 10/1 A | താഴത്തെ നില-141ച. മീ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 40 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 60 |
| 2 | 10/430 D | 106.09 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 40 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 60 |
| 3 | 13/187 A | താഴത്തെ നില-137.75 ച. മീ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 40 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 60 |

ഉപയോഗ ക്രമം തെറ്റായി രേഖപ്പെടുത്തി കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കിയിരിക്കുന്നതിനുള്ള വിശദീകരണം ഓഡിറ്റ് എൻക്വയറി നമ്പർ 30 വഴി ആവശ്യപ്പെട്ടതിന്, പ്രസ്തുത അപാകങ്ങൾ പരിശോധിച്ച് സ്ഥലപരിശോധന നടത്തി കെട്ടിടത്തിന്റെ വിസ്തീർണ്ണം അളന്ന് സഞ്ചയയിൽ ആവശ്യമായ രേഖപ്പെടുത്തൽ നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-12-1 തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് സൂക്ഷിക്കുന്നില്ല.**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204 പ്രകാരം, പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്തിലോ അതിനു വെളിയിലോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്തിൽ താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതുമായ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. ഗ്രാമ പഞ്ചായത്തിൽ സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ , സ്വകാര്യ സ്കൂൾ/ കോളേജ് ജീവനക്കാർ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിയ്ക്കുകയോ ഇത്തരം ആൾക്കാരിൽ നിന്നും തൊഴിൽ നികുതി പൂർണ്ണമായും പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല. സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ലിസ്റ്റുകൾ തയ്യാറാക്കി ഈ സാമ്പത്തിക വർഷം മുതൽ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 31 നുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് അടിയന്തിരമായി തയ്യാറാക്കി തൊഴിൽ നികുതി ഇനത്തിലെ വരുമാന ചോർച്ച ഒഴിവാക്കേണ്ടതാണ്.

**1-12-2 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

2023-24 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് 60 ദിവസത്തിലധികം പ്രവൃത്തി നിർവ്വഹിച്ച കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ, LSGDയ്ക്ക് പനവൂർ ഗ്രാമപഞ്ചായത്തിൽ നിന്നും കത്ത് നൽകുകയും അതിൻ പ്രകാരം നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ ലിസ്റ്റ് നൽകിയിട്ടുണ്ടെന്നും 2024-25 സാമ്പത്തിക വർഷം ഇവരിൽ നിന്നും നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിയ്ക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നം. 2 ന്റെ മറുപടി). തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ പേരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-12-3 റേഷൻകട ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.**

ഗ്രാമ പഞ്ചായത്ത് പരിധിയിൽ 10 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും 2023-24 സാമ്പത്തിക വർഷം പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2 ന് മുഴുവൻ റേഷൻ വ്യാപാരികൾക്കും തൊഴിൽ നികുതി അടവാക്കാൻ കത്ത് നൽകിയിരുന്നെന്നും 2024-25 സാമ്പത്തിക വർഷം തൊഴിൽനികുതി അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടിയായി അറിയിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019ലെ (സി.എസ്) എ9-764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുണ്ട്. റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-12 തൊഴിൽ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ**

പനവൂർ ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ , അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ഉപ-ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

**1-13-1 വാടക- കരാർ ചമച്ചില്ല**

2023-24 സാമ്പത്തിക വർഷം വാടകയ്ക്ക് നൽകിയ 4 കടകളിലെ വാടകകാരുമായി കരാർ ചമച്ചിട്ടില്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (നമ്പർ 3 /11.06.2024) മറുപടിയായി, 2023-24 സാമ്പത്തിക വർഷം എഗ്രിമെന്റ് വച്ചിട്ടില്ലെന്നും കരാർ വയ്ക്കുന്നതിന് എല്ലാ വാടകക്കാർക്കും രജിസ്റ്റേർഡ് നോട്ടീസ് അയച്ചിട്ടുണ്ടെന്നും വരും വർഷങ്ങളിൽ കരാർ വച്ച് മാത്രമേ വാടകയ്ക്ക് നൽകുകയുള്ളുവെന്നും അറിയിച്ചു.

നിലവിലെ വാടകക്കാരുമായി കരാറിലേർപ്പെട്ടതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-13 വാടക- ജി.എസ്.റ്റി കുറവായി ഈടാക്കുന്നു.

2023-24 സാമ്പത്തിക വർഷം വാടകയ്ക്ക് നൽകിയ 4 കടകളിലെ വാടകകാരിൽ നിന്നും ചുവടെ പറയും പ്രകാരം വാടക ഈടാക്കിയിട്ടുണ്ട്. എന്നാൽ, വാടക തുകയ്ക്ക് ആനുപാതികമായി 18% GST ഈടാക്കിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് ( നമ്പർ 3 /11.06.2024) മറുപടിയായി, GST ഈടാക്കിയ രസീതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുകയും, കുറവ് വന്ന തുകകൾ 2024-25 സാമ്പത്തിക വർഷം ഈടാക്കുന്നതാണെന്നും വരും വർഷങ്ങളിൽ അപാകത വരാതെ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചു. GST കുറവായി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റൂം നം | വാടകയ്ക്കെടുത്ത ആളിന്റെ വിവരം | പ്രതിമാസ വാടക | സാമ്പത്തിക വർഷം ഒടുക്കിയ വാടക | | GST ഈടാക്കേണ്ടത് | GST ഈടാക്കിയത് | വ്യത്യാസം |
|---|---|---|---|---|---|---|---|
| ആറ്റുകാൽ ഷോപ്പിങ് കോംപ്ലക്സ് റൂം നം 1 | ശ്രീ. ഇബ്രാഹിം കുഞ്ഞ്, നാസിന മൻസിൽ , ലക്ഷം വീട് | 1595 | 1231100170/ 09-06-2023 | 3,190.00 | 3158 | 288 Rt No 1231101269 Dtd 29.12.2023 | 2870 |
| | | | 1231100171/ 09-06-2023 | 1,595.00 | | | |
| | | | 1230600319/ 08-09-2023 | 3,190.00 | | | |
| | | | 1231101269/ 29-12-2023 | 3,190.00 | | | |
| | | | 1231102497/ 30-03-2024 | 6,380.00 | | | |
| ആറ്റുകാൽ റൂം നം 3 | ശ്രീ.ബാബു, തിരുവാതിര, വള്ളൂഴി, പനയമുട്ടം | 1416 | 1231102462/ 26-03-2024 | 16,992.00 | 3058 | 252 Rt No 1231102462/ 26.03.2024 | 2806 |
| ആറ്റുകാൽ ഷോപ്പിങ് കോംപ്ലക്സ് റൂം നം 2 | ശ്രീ.ഷാജു, തിരുവാതിര, ആറ്റുകാൽ, പനയമുട്ടം | 1870 | 1231102499/ 30-03-2024 | 22,440.00 | 4039 | 336 Rt No 1231102499/ 30.03.2024 | 3703 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | ആകെ | 9379 |

കുറവ് വന്ന തുകയായ 9379/- രൂപ ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-14-1 ഇറച്ചിക്കടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

പഞ്ചായത്ത് പരിധിയിലെ ആകെ ഇറച്ചിക്കടകളുടെ വിശദാംശം, അവയ്ക്ക് ലൈസൻസ് നൽകുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ഇവ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നമ്പർ 5/12.06.2024) മറുപടിയായി, അംഗീകൃത കശാപ്പുശാലകളോ ഇറച്ചിക്കടകളോ പ്രവർത്തിക്കുന്നില്ലെന്നും അനധികൃത ഇറച്ചി വ്യാപാരികൾക്ക് ലൈസൻസ് നൽകുന്നതിന് 2024-25 സാമ്പത്തിക വർഷം മുതൽ അറിയിപ്പ് നൽകി വരുന്നുവെന്നും സ്ഥാപനം മറുപടി ലഭ്യമാക്കി.

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ 38 പ്രകാരം, ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ല് വച്ച് മറച്ചതും ഈച്ച പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും, കടയുടെ ലൈസൻസി, തന്റെ പേര്, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, ബഹു. പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം.27560/ജെ 2 /2000/തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2/09/തസ്വഭവ തീ.17-09-2009 , സർക്കുലർ നം. 66771/ഡി ബി 2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി 2/12/തസ്വഭവ തീയതി 06-04-2012) എന്നിവയിലെ നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി, ലൈസൻസ് നൽകേണ്ടതാണ്.

കൂടാതെ, ആരോഗ്യ വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ഇറച്ചി വിൽപ്പന കേന്ദ്രങ്ങൾക്ക് എതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 230 (എ) വകുപ്പ് പ്രകാരം നടപടികൾ സ്വീകരിച്ച്, വിവരം അറിയിക്കേണ്ടതാണ്.

## 1-14-2 വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ 1214 വാണിജ്യാടിസ്ഥാനത്തിൽ വസ്തുനികുതി നിർണയിച്ചിട്ടുള്ള കെട്ടിടങ്ങൾ ഉണ്ട് . കെട്ടിടങ്ങളുടെ എണ്ണത്തിനാനുപാതികമല്ല ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം. കൂടാതെ, 2023-24 സാമ്പത്തിക വർഷം സ്ഥാപനം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റിൽ ആകെ 796 സ്ഥാപനങ്ങൾ ഉണ്ട്. ഇതിൽ 182 എണ്ണം ഒഴിഞ്ഞു കിടക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ, ലൈസൻസ് രജിസ്റ്റർ പ്രകാരം, 2023-24 സാമ്പത്തിക വർഷം ലൈസൻസെടുത്ത സ്ഥാപനങ്ങളുടെ എണ്ണം 171 മാത്രമാണ്. ശേഷിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാത്തതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നമ്പർ 5/12.06.2024) മറുപടിയായി, 2024-25 സാമ്പത്തിക വർഷം മുതൽ തന്നെ ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കുന്നതിനും മുഴുവൻ വാണിജ്യ വ്യാപാര സ്ഥാപനങ്ങളിലും ലൈസൻസിന്റെ ഫോം നൽകി ലൈസൻസ് എടുക്കുന്നതിനുമുള്ള നചപടികൾ സ്വീകരിച്ചു വരുന്നുവെന്ന് അറിയിച്ചു.

1994 കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232ാം വകുപ്പ് പ്രകാരം, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നൽകുന്ന ലൈസൻസ് കൂടാതെ ഏതൊരു സ്ഥലവും ഉപയോഗിക്കുവാൻ

പാടില്ലാത്തതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-14-3 ഫാമുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

2023-24 സാമ്പത്തിക വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം, ഡയറി ഫാം-19, ഗോട്ട് ഫാം- 11, ഇറച്ചിക്കോഴിഫാം -8, മുട്ടക്കോഴി ഫാം-1 എന്നിങ്ങനെ ഫാമുകൾ ഉണ്ട്. എന്നാൽ 3 പൗൾട്രി ഫാമുകൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. മറ്റു ഫാമുകൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് ഡയറി ഫാം ഗോട്ട് ഫാം ഇവ ഫീൽഡ് തല പരിശോധനയിൽ നിലവിൽ പ്രവർത്തിക്കുന്നില്ലെന്നും ലൈസൻസിന്റെ പരിധിയിൽ വരാത്ത മുഴുവൻ ഫാമുകൾക്കും ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.

ലൈസൻസ് നൽകുന്നതിന് സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-14-4 ആശുപത്രികൾ, ഓഡിറ്റോറിയം ഇവ ലൈസൻസ് എടുക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചുവടെ ചേർക്കുന്ന ആശുപത്രികൾ, ഓഡിറ്റോറിയം എന്നിവ 2023-24 സാമ്പത്തിക വർഷം ലൈസൻസെടുത്തിട്ടില്ല.

1.പി.ആർ. മെഡിക്കൽ സെന്റർ

2.വെൽകെയർ ഹോമിയോ ക്ലിനിക്

3.എൻ.എസ്.ബി മൾട്ടി സ്പെഷ്യാലിറ്റി സെന്റർ

4. വി എസ് പാരമ്പര്യ സിദ്ധ മർമ്മ ആയുർവേദ ചികിത്സാ കേന്ദ്രം

5. 12/147, ആശുപത്രി( ജോൺ നെസ്സാർ)

6. Hi ഓഡിറ്റോറിയം

7. സപര്യ ഓഡിറ്റോറിയം

8. പ്രിയ ഓഡിറ്റോറിയം

ഈ വിഷയം സംബന്ധിച്ച് നൽകിയ നൽകിയ അന്വേഷണകുറിപ്പിന് (നമ്പർ 5/ 12.06.2024) മറുപടിയായി, 2024-25 സാമ്പത്തിക വർഷം ലൈസൻസ് എടുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. കൂടാതെ, സപര്യ ഓഡിറ്റോറിയം സംബന്ധിച്ച പരാമർശം 2022-23 സാമ്പത്തിക വർഷത്തിലും ഉൾപ്പെട്ടിരുന്നെന്നും ഇത് പഞ്ചായത്ത് പരിധിയിൽ വരുന്നതല്ലെന്നും അറിയിച്ചു. എന്നാൽ, സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം, ഇത് പനവൂർ പഞ്ചായത്തിലെ 11 ാം വാർഡിൽ ഉൾപ്പെട്ടതാണ്. പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-14-5 ലൈസൻസിനോടൊപ്പം മെഷീൻ റണ്ണിങ് ഫീ വാങ്ങുന്നില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ 17, 18, 20, 21 പ്രകാരം ഈടാക്കേണ്ടുന്ന മെഷീൻ റണ്ണിങ് ഫീ ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയതായി കാണുന്നില്ല. ഫീ വിവരം, യന്ത്രങ്ങളുടെ കുതിരശക്തിയുടെ വിവരങ്ങൾ ഉൾപ്പെടെ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നമ്പർ 5/ 12.06.2024) മെഷീൻ റണ്ണിങ് ഫീ എടുക്കാത്ത സ്ഥാപനങ്ങളിൽ നിന്ന് ഈ സാമ്പത്തിക വർഷം മുതൽ ഫീ ഈടാക്കിയ ശേഷം മാത്രമേ ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുള്ളു എന്ന് അറിയിച്ചു.

| ക്രമ നമ്പർ | കെട്ടിട നം/ഉടമയുടെ പേര്/സ്ഥാപനത്തിന്റെ പേര്/ |
|---|---|
| 1 | 4/455A രമാദേവി, ആശാ ഹോളോബ്രിക്സ് |

| | |
|---|---|
| 2 | ആർ. സൈനാബീവി, അൻസി സാമിൽ |
| 3 | VII/8 ചന്ദ്രാംഗദൻ നായർ ഫ്ലവർ മിൽ |
| 4 | III/65 B അരവിന്ദ് റ്റി.എസ് എ.എ ഹോളോബ്രിക്സ് |
| 5 | 10/229 ശൈലജ, ഓയിൽ ഫ്ലവർ മിൽ |
| 6 | 1/355A രഞ്ജിത് ആർ.ജി, പ്ലൈവുഡ് നിർമാണം |
| 7 | 7/81,82, സജിംഷാ.എസ്,ഹോളോബ്രിക്സ് നിർമാണം |
| 8 | 2/304, കെ ഷിബുകുമാർ, ബ്രദേഴ്സ് സാ മിൽ |
| 9 | 7/389/A അനിൽകുമാർ ജി, ആർച്ചാ ഫ്ലവർ മിൽ |
| 10 | 5/231 A മുഹമ്മദ് ഷാൻ എസ്, വെൽഡിങ് വർക്ഷോപ്പ് |
| 11 | അനീസ എ.എസ്, വിളയിൽ ഫ്യൂവൽസ് |

മേൽ പട്ടികയിലെ സ്ഥാപനങ്ങളിൽ നിന്നും മെഷീൻ റണ്ണിങ് ഫീ ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-14 റേഷൻകടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.2.2019ലെ (സി.എസ്) എ 9-764/2019-ാം നമ്പർ കത്തിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ കഴിയില്ലായെന്ന് അറിയിച്ചിട്ടുള്ളതിനാൽ, 2023-24 വർഷത്തേയ്ക്ക് റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിവരം, ഗ്രാമ പഞ്ചായത്ത് പരിധിയിലെ റേഷൻകടകളുടെ എണ്ണം, പ്രസ്തുത റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചതിന്റെ വിശദാംശം എന്നിവ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നമ്പർ 5/ 12.06.2024) മറുപടിയായി, 10 റേഷൻ കടകൾ ഉണ്ടെന്നും 2024-25 സാമ്പത്തിക വർഷം മുതൽ തന്നെ ലൈസൻസും പ്രൊഫഷൻ ടാക്സും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നുവെന്നും അറിയിച്ചു.

ഈ വിഷയത്തിലെ നടപടിയുടെ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-15 വളർത്തു നായ ലൈസൻസ്- സ്റ്റാറ്റസ് റിപ്പോർട്ടിലെ എണ്ണവുമായി പൊരുത്തപ്പെടുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254 , കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. 2023-24 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 736 വളർത്തുനായകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, വളർത്തു നായകൾക്കുള്ള ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 28 വളർത്തു നായകൾക്കാണ് 2023-24 വർഷത്തേയ്ക്ക് ലൈസൻസ് നൽകിയിട്ടുള്ളത് . വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് (നമ്പർ 7/12.06.2024) മറുപടിയായി, ലൈസൻസിന്റെ പരിധിയിൽ വരാത്ത വളർത്തു നായ്ക്കളുടെ ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

ലൈസൻസിന്റെ പരിധിയിൽ വരാത്ത വളർത്തു നായ്ക്കളുടെ ലൈസൻസ് എടുക്കുന്നതിനു വേണ്ടി സ്വീകരിച്ച നടപടികളുടെ പുരോഗതിറിപ്പോർട്ട് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-16 പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുക്കാതെ ആശുപത്രി പ്രവർത്തിക്കുന്നു.

1999 ലെ കേരള കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുക്കേണ്ടതും പുതുക്കേണ്ടതുമുണ്ട്. എന്നാൽ 12/147, ആശുപത്രി (ജോൺ നെസ്സാർ) എന്ന സ്ഥാപനം 2023-24 സാമ്പത്തികവർഷം പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടില്ല. ഈ വിഷയം

സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (നമ്പർ 6 / 12.06.2024) മറുപടിയായി, ടി സ്ഥാപനത്തിന് കാരണം കാണിക്കൽ നോട്ടീസ് നൽകി രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

സ്ഥാപനത്തിന് എതിരെ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-17 ലേലം കൊണ്ട മരം മുറിക്കുന്നതിനു പകരം മറ്റൊരു മരം മുറിച്ചു.

വാർഷിക പദ്ധതി 2023-24 -ൽ ഉൾപ്പെടുത്തിയ കുടുംബാരോഗ്യ ഉപകേന്ദ്രത്തിന് കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിയിൽ ഹെൽത്ത് ഗ്രാന്റിൽ തുക വകയിരുത്തി ഡി പി സി അംഗീകാരം ലഭ്യമായതിനെ തുടർന്ന്, കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് നിർമ്മാണത്തിന് തടസ്സം ഉണ്ടാക്കുംവിധം നിൽക്കുന്ന ഒരു മഹാഗണി മരം മുറിച്ചു നീക്കുന്നതിന് അനുമതി ആവശ്യപ്പെട്ട് അസി. എഞ്ചിനീയർ, മെഡിക്കൽ ഓഫീസർ എന്നിവർ സെക്രട്ടറിക്ക് സമർപ്പിച്ച കത്തിന്റെ അടിസ്ഥാനത്തിൽ മഹാഗണി മരം മുറിച്ചുനീക്കുന്നതിന് ഫോറസ്റ്റ് റേഞ്ച് ഓഫീസറുടെ വാല്വേഷൻ ആവശ്യമായതിനാൽ വാല്വേഷൻ ലഭ്യമാക്കുന്നതിന് പാലോട് ഫോറസ്റ്റ് റേഞ്ച് ഓഫീസറിന് കത്ത് നൽകുകയും, 40065/- രൂപ വാല്യുവേഷൻ നിശ്ചയിച്ച് അറിയിക്കുകയും ചെയ്തു. മരം മുറിച്ചുമാറ്റി സൂക്ഷിക്കുന്നതിനും തടി നിയമാനുസൃത ലേലം നടപടികൾ സ്വീകരിച്ച് വിൽക്കുന്നതിനും മരം മുറിപ്പ് ചെലവ് തനതു ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിനും ലേല ഫണ്ട് തനതു ഫണ്ടിൽ ഒടുക്കുന്നതിനും 15.02.2024 ലെ സാധാരണ/അടിയന്തിര മീറ്റിങ്ങിലെ 2(5) നം തീരുമാന പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. 26.02.2024, 12.03.2024 തീയതികളിൽ ലേലം നടന്നുവെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ 20.03.2024 ന് പഞ്ചായത്ത് ഹാളിൽ വച്ച് ക്വട്ടേഷൻ നടപടി സ്വീകരിക്കുകയും മരം ശ്രീ നൂഹക്കണ്ണ്, വെള്ളംകുടി, റോഡരികത്തുവീട്, പനവൂർ പി. ഒ. എന്നയാൾക്ക് 20,000/-രൂപയ്ക്ക് നൽകുകയും ചെയ്തു. എന്നാൽ, കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കോമ്പൗണ്ടിൽ നിന്ന വാല്യുവേഷൻ നടത്താത്ത മറ്റൊരു മരം മുറിക്കുകയും ശിഖരങ്ങൾ കൊണ്ടു പോകുകയും ചെയ്തതായി ലേല ഫയലിലും കമ്മിറ്റി മിനിട്സിലും രേഖപ്പെടുത്തിയിരിക്കുന്നു. ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന്(നമ്പർ 9/ 13.06.2024) മറുപടിയായി, ഇത് സംബന്ധിച്ച് എസ്.എച്ച്.ഒ നെടുമങ്ങാടിന് പരാതി നൽകിയതായും മാറി മുറിച്ച മരം കടത്തികൊണ്ട് പോയിട്ടില്ലാത്തതിനാൽ മറ്റ് നിയമ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ലെന്നും പഞ്ചായത്ത് ഭരണ സമിതിക്ക് നടപടികൾ സ്വീകരിക്കാമെന്നും എസ്.എച്ച്.ഒ. നെടുമങ്ങാട് മറുപടി നൽകിയതായും ഈ വിഷയത്തിൽ വരുന്ന പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാന പ്രകാരം നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.

ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടി വിവരം ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-18 ഹെൽത്ത് ഗ്രാന്റ് -നിർദ്ദേശങ്ങൾക്കനുസൃതമായി പ്രോജക്ടുകൾ നടപ്പിലാക്കണം.

| | |
|---|---|
| പ്രോജക്ട് നം , പേര് | 204/23-24, ആരോഗ്യ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനസ്സ്. |
| അടങ്കൽ തുക | 179903 /- |
| ചെലവ് തുക | 179903/- |
| ഫണ്ട് | ഹെൽത്ത് ഗ്രാന്റ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ – എഫ് എച്ച് സി |

പനവൂർ കുടുംബാരോഗ്യ കേന്ദ്രത്തിലെ 2023-2024കാലയളവിലെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ആരോഗ്യസ്ഥാപനങ്ങളിൽ ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ ഏർപ്പെടുത്തൽ എന്ന പദ്ധതി പ്രകാരം പനവൂർ കുടുംബാരോഗ്യത്തിന്റെ കീഴിലുള്ള 5 സബ്സെന്ററുകളിലേക്ക് ഐ ഇ സി ബോർഡുകൾ ചെയ്യുന്നതിന് ക്വൊട്ടേഷൻ ക്ഷണിച്ചിരുന്നതും ആയതിൻ പ്രകാരം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തിട്ടുള്ള DARVESH ARTS വെള്ളാൻചിറ എന്ന സ്ഥാപനത്തിന് ക്വട്ടേഷൻ അനുവദിച്ചിട്ടുള്ളതും രേഖകൾ പ്രകാരം ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതുമാണ്. ആയതിന് 12.06.2024ന് 8-ാം നമ്പർ ഓഡിറ്റ് അന്വേഷണം നൽകിയിട്ടുള്ളതിൽ സ.ഉ. (സാധാ)നം. 2132

/2022/LSGD പ്രകാരം കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ എന്നതിൽ പ്രസ്തുത ഉത്തരവിലെ നിർദ്ദേശം 8 അനുസരിച്ച് ബോധവൽകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പരാമർശമുണ്ടെന്നും ആയതിൽ ഐ ഇ സി വർക്കുകൾ ഉൾപ്പെടുന്നത് പരിഗണിച്ചാണ് ഐ ഇ സി ബോർഡുകൾ സ്ഥാപിച്ചതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ സ.ഉ (സാധാ)നം. 2132 /2022/LSGD ഖണ്ഡിക 2.6 പ്രകാരം Information Education And Communication/ ബ്രാന്റിംഗ് പ്രവർത്തനങ്ങൾ നഗരസഭകൾക്ക് അനുവദിച്ചിട്ടുള്ള ഗ്രാന വിഹിതത്തിൽ നിന്നുമാണ് നടത്തേണ്ടത് എന്ന പരാമർശിച്ചിട്ടുള്ളതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. പ്രോജക്ടുകൾ വിഭാവനം ചെയ്ത് നടപ്പിലാക്കുമ്പോൾ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകൾ/ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ് .

## 1-19 ആസ്തി സംരക്ഷണത്തിന് ഉചിതമായ മർഗങ്ങൾ സ്വീകരിക്കേണ്ടതാണ്.

പദ്ധതി മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ84/2022/തസ്വഭവ തീയതി 19.04.2022] ഖണ്ഡിക 6.8.1 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്.

ഖണ്ഡിക 6.8.1 പ്രകാരം സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും അനുയോജ്യങ്ങളായ നിർദ്ദേശങ്ങളാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ്. സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തികളുടെ ഡിജിറ്റലൈസേഷൻ നടത്തി ആസ്തി രജിസ്റ്റർ കുറ്റമറ്റതും കാലികവും ആക്കേണ്ടതാണ്. തങ്ങളുടെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ (31.03.2022ൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയത്) കാലികമാക്കിയതല്ല. എന്നാൽ, ആസ്തി രജിസ്റ്റർ കാലികമാക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ട്.

ആസ്തികളുടെ ഡിജിറ്റലൈസേഷൻ നടത്തി ആസ്തി രജിസ്റ്ററുകൾ കുറ്റമറ്റതും കാലികവുമാക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന റിമോർട്ട് സെൻസിംഗ് അന്റ് എൻവയോൺമെന്റ് സെന്റർ വികസിപ്പിച്ച ഓൺലൈൻ സംവിധാനമായ R- Track മുഖാന്തിരം റോഡ്, നടപ്പാലം എന്നിവയുടെ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതായും അസിസ്റ്റന്റ് എഞ്ചിനിയർ തലത്തിലുള്ള സൂക്ഷ്മ പരിശോധനകൾ നടന്നുവരുന്നതായും റോഡുകളുടെ സർവ്വേ പൂർത്തിയാകുന്ന മുറയ്ക്ക് മറ്റ് ആസ്തികളുടെ സർവ്വേ ആരംഭിക്കുന്നതാണെന്നും ഇപ്രകാരം സർവ്വേ നടപടികൾ പൂർത്തീകരിക്കുമ്പോൾ ആസ്തി രജിസ്റ്റർ കാലികമാകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി നമ്പർ 23/18.06.2024ന്റെ മറുപടി).

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികളിൽ, കഴിഞ്ഞ പത്ത് വർഷം വിവിധ ഫണ്ടുകൾ വിനിയോഗിച്ച് നടത്തിയ മരാമത്ത് പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ചെലവ് തുക |
|---|---|---|---|
| 1 | 102/14 | ആട്ടുകാൽ കമ്മ്യൂണിറ്റി ഹാൾ നവീകരണം | 2,35,991 |
| 2 | 103/14 | മരമറുത്തകോൺ ഫാമിലിസബ്സെന്റർ നവീകരണം | 1,40,218 |
| 3 | 104/14 | അജയപുരം ഫാമിലി വെൽഫയർ സെന്റർ നവീകരണം | 98,486 |
| | 46/15 | അജയപുരം ഫാമിലിവെൽഫെയർ സബ്സെൻറർ നവീകരണം | 94,298 |
| | | **ആകെ** | **1,92,784** |
| 4 | 111/14 | പനയമുട്ടംവിഷചികിത്സാലയം നവീകരണം | 1,83,887 |
| | 45/15 | പനയമുട്ടം വിഷചികിത്സാലയം അടിസ്ഥാനസൌകര്യം ലഭ്യമാക്കൽ | 76,541 |
| | 128/21 | പനയമുട്ടം വിഷചികിത്സാ കേന്ദ്രം അറ്റകുറ്റപ്പണി | 1,37,501 |
| | | **ആകെ** | **3,97,929** |

| | | | |
|---|---|---|---|
| 5 | 115/14 | ആറ്റിൻപുറം ആർ.എസ്സ്.എ.സി നവീകരണം | 99,311 |
| | 167/15 | ആറ്റിൻപുറം ആർ.എസ്സ്.എ.സി കെട്ടിട നവീകരണം | 1,85,143 |
| | | **ആകെ** | **2,84,454** |
| 6 | 116/14 | മൂന്നാനക്കുഴി കമ്മ്യൂണിറ്റി ഹാൾ നവീകരണം | 88,875 |
| 7 | 145/14 | കരിക്കുഴിയിൽ വിശ്രമ മന്ദിരം | 1,32,450 |
| 8 | 146/14 | കഴക്കുന്നിൽ വിശ്രമ മന്ദിരം | 1,34,841 |
| 9 | 147/14 | വിശ്വപുരത്തിൽ വിശ്രമ മന്ദിരം | 1,10,569 |
| 10 | 160/14 | മരമുത്തകോൺ F W C നവീകരണം | 50,000 |
| 11 | 161/14 | സര്യ സാംസ്കാരിക വേദി നവീകരണം | 30,000 |
| 12 | 162/14 | കരിക്കുഴി ബി എസ്സ് എ സി നവീകരണം | 97,284 |
| | 100/16 | കരിക്കുഴി ബി,എസ്സ്.എ.സി കെട്ടിടനവീകരണം | 1,69,650 |
| 13 | 171/14 | പാണയം അഗ്രോ സർവ്വീസ് സെന്റർ നവീകരണം | 1,30,169 |
| | 97/15 | പാണയം ആഗ്രോസർവ്വീസ് സെൻറർ നവീകരണം | 4,83,772 |
| | 132/16 | പാണയം ആഗ്രോ സർവ്വീസ് സെന്റർ കമ്മ്യൂണിറ്റിഹാൾ പൂർത്തീകരണം | 4,00,000 |
| | 44/18 | പാണയംആഗ്രോസർവ്വീസ് സെൻറർ കമ്മൃൂണിറ്റി ഹാൾ പൂർത്തീകരണം | 3,68,124 |
| | | **ആകെ** | **13,82,065** |
| 14 | 196/14 | കോതകുളങ്ങര നവചേതനക്ക് കെട്ടിടം | 3,23,118 |
| | 133/15 | കോതകുളങ്ങര നവചേതനക്ക് കെട്ടിടം | 1,76,882 |
| | | **ആകെ** | **5,00,000** |
| 15 | 44/15 | മലമുകൾ ഫാമിലി വെൽഫെയർ സബ്സെൻറർ നവീകരണം | 2,94,634 |
| 16 | 47/15 | കൈരളി മുളമ്മൂട് കെട്ടിടം പൂർത്തീകരണം | 2,90,181 |
| | 118/15 | കൈരളി മുളമ്മൂടിന് കെട്ടിടം | 2,86,045 |
| | 146/16 | കൈരളി മുളമ്മൂട് കെട്ടിട നിർമ്മാണ പൂർത്തീകരണം | 1,99,722 |
| | | **ആകെ** | **7,75,948** |
| 17 | 120/15 | അംബേദ്ക്കർഗ്രാമം കമ്മ്യൂണിറ്റി ഹാൾ നവീകരണം | 1,91,074 |
| | 118/20 | ഗ്രാമം കമ്യൂണിറ്റി ഹാൾ നവീകരണം | 2,14,912 |
| | 117/23 | പനവൂർ അംബേദ്ക്കർഗ്രാമം കമ്മ്യൂണിറ്റി ഹാൾ നവീകരണം | 10,68,572 |
| | | **ആകെ** | **14,74,558** |
| 18 | 124/15 | പനവൂർഎച്ച് എസ്സ് ജംഗ്ഷനിൽ വിശ്രമമന്ദിരം | 1,07,952 |
| 19 | 127/15 | തെറ്റിമൂട് F W C ചുറ്റുമതിൽ നിർമ്മാണം | 55,726 |
| | 159/19 | തെറ്റിമൂട് എഫ്.ഡബ്ല്യൂ.സി കെട്ടിട നവീകരണം | 92,413 |
| 20 | 130/15 | പനവൂർ മാർക്കറ്റ് സ്ലാട്ടർ ഹൌസ് | 18,99,292 |
| | 55/23 | പനവൂർ മാർക്കറ്റ് അനുബന്ധ പണികൾ | 2,99,375 |
| | | **ആകെ** | **21,98,667** |
| 21 | 154/16 | പഞ്ചായത്ത് സാംസ്കാരിക നിലയം കെട്ടിടം റീ വയറിംഗ് | 1,44,308 |
| | 130/22 | പഞ്ചായത്ത് സാംസ്കാരിക നിലയം ലൈബ്രറിയിൽ റാക്ക് സ്ഥാപിക്കൽ | 43,783 |
| | | **ആകെ** | **1,88,091** |
| 22 | 45/18 | കുട്ടികളുടെ ഉല്ലാസ്സത്തിനും,കായികവികാസത്തിനും സാധ്യമാകുന്ന പാർക്ക് സ്ഥാപിക്കൽ | 3,49,907 |

| | | | |
|---|---|---|---|
| 23 | 40/19 | വെള്ളാഞ്ചിറ സ്റ്റേഡിയത്തിൽ പൊതു ടോയിലറ്റ് നിർമ്മാണം | 1,47,840 |
| 24 | 133/20 | പേരയം മാർക്കറ്റ് നവീകരണം | 1,94,789 |
| 25 | 82/21 | മാമൂട് പട്ടികവർഗ്ഗ സങ്കേതത്തിൽ സാംസ്കാരിക നിലയം | 6,03,493 |
| | 42/23 | നിർമ്മിക്കൽ(ബ്ലോക്ക് പഞ്ചായത്തുമായുള്ള സംയുക്ത പദ്ധതി) | 6,58,154 |
| | | **ആകെ** | **12,61,647** |
| 26 | 129/21 | അജയപുരം എൻ ആർ ഇ പി കമ്മ്യൂണിറ്റി ഹാൾ അറ്റകുറ്റപ്പണി | 3,00,392 |
| 27 | 130/21 | കൊന്നമൂട് കുടുംബക്ഷേമ ഉപകേന്ദ്രം അറ്റകുറ്റപ്പണി | 3,40,487 |

പ്രസ്തുത ആസ്തികളിൽ, പനവൂർ മാർക്കറ്റിൽ സ്ഥാപിച്ചിട്ടുള്ള സ്ലോട്ടർ ഹൌസിന്റെ തുടർ പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടില്ലെന്നും പണി പൂർത്തീകരിച്ച് ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിനുള്ള നിർദ്ദേശം കോ- ഓർഡിനേഷൻ കമ്മിറ്റി ശുചിത്വമിഷന് നൽകിയിട്ടുണ്ടെങ്കിലും ശുചിത്വ മിഷൻ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ലായെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 23/18.06.2024ന്റെ മറുപടി).

പനവൂർ മാർക്കറ്റുമായി ബന്ധപ്പെട്ട്, കഴിഞ്ഞ പത്ത് വർഷ കാലയളവിൽ 21,98,667 രൂപ ചെലവഴിച്ചിട്ടുണ്ട്. പേരയം മാർക്കറ്റ് നവീകരണത്തിനായി 2019-20 വർഷം 1,94,789 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, മാർക്കറ്റുകളിൽ നിന്നും 2023-24 വർഷം, വരവിനത്തിൽ തുക ലഭിച്ചിട്ടില്ല. പ്രസ്തുത മാർക്കറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നില്ലായെന്നും ലേല നടപടികൾ സ്വീകരിക്കുന്നുണ്ടെങ്കിലും പ്രവർത്തനം ഇല്ലാത്തതിനാൽ ലേലം നടക്കുന്നില്ലായെന്നും അറിയിച്ചിട്ടുണ്ട്.

കമ്മ്യൂണിറ്റി ഹാളുകളുടെ നടത്തിപ്പ് ചുമതല, വാടക മുതലായവ സംബന്ധിച്ച വിശദാംശം ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള വിവിധ ആസ്തികളുടെ സ്ഥലപരിശോധന 18.06.2024ൽ നടത്തുകയുണ്ടായി. പ്രസ്തുത സ്ഥലപരിശോധനയിൽ കണ്ടെത്തിയ വിഷയങ്ങളുടെ വിശദാംശവും അവയ്ക്ക് ലഭ്യമാക്കിയ വിശദീകരണവും (ഓഡിറ്റ് എൻക്വയറി നമ്പർ 29/18.06.2024ന്റെ മറുപടി) ചുവടെ ചേർക്കുന്നു.

1)<u>പനവൂർ മാർക്കറ്റ്</u>

മാർക്കറ്റിൽ നിർമ്മിച്ച ടേക്ക് എ ബ്രേക്ക് കെട്ടിടം പ്രവൃത്തി പൂർത്തീകരിച്ചെങ്കിലും പ്രവർത്തനമില്ലാത്ത നിലയിലാണ്. സാധനങ്ങൾ സ്റ്റോക്ക് ചെയ്യാൻ ഉപയോഗിച്ചുവരുന്നു.

മാർക്കറ്റിൽ 2014-15 വർഷം 18,99,292 രൂപ ചെലവഴിച്ച് നിർമ്മിച്ച സ്ലോട്ടർ ഹൌസ്, ഹരിത കർമ്മസേന ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ സൂക്ഷിക്കാനായി ഉപയോഗിക്കുന്നു.





പനവൂർ മാർക്കറ്റിലെ ടേക്ക് എ ബ്രേക്ക് ഉടനടി പൊതുജനങ്ങൾക്ക് തുറന്ന് നൽകുന്നതും പരിപാലനം ഉറപ്പാക്കുന്നതാണെന്നും, മാർക്കറ്റിൽ നിർമ്മിച്ചിട്ടുള്ള അറവുശാലകളുടെ നിർമ്മാണം ശുചിത്വമിഷൻ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പൂർത്തീകരിക്കുന്നതാണെന്നും പേരയം മാർക്കറ്റിൽ പുതുതായി നിർമ്മിച്ച MCFകെട്ടിടത്തിലേക്ക് MCF പ്രവർത്തനങ്ങൾ മാറ്റുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

2)<u>അംബേദ്കർ ഗ്രാമം കമ്മ്യൂണിറ്റി ഹാൾ</u>

കമ്മ്യൂണിറ്റി ഹാൾ സ്ഥിതി ചെയ്യുന്ന സ്ഥലം അതിർത്തി തിരിച്ച് സംരക്ഷിച്ചിട്ടില്ല. സ്വകാര്യ വ്യക്തികൾ കൈയേറി താമസിക്കുന്നു. കൈയേറ്റക്കാരെ ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കോടതിയിലുള്ള കേസ് തീർപ്പാക്കുന്ന മുറയ്ക്ക് ഹാളിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട്.

3)<u>ആറ്റിൻപുറം ആർ.എസ്.എ.സി</u>

റോയൽ സ്പോർട്സ് & ആർട്സ് ക്ലബ് പ്രവർത്തിക്കുന്ന പ്രസ്തുത കെട്ടിടം ജീർണാവസ്ഥയിലാണ്.



ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മെയിന്റനൻസിനായുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

4)<u>പാണയം അഗ്രോ സർവ്വീസ് സെന്റർ</u>

കെട്ടിടം ജീർണാവസ്ഥയിലാണ്. വിവിധ പ്രോജക്ടുകൾക്കായി വാങ്ങിയ തയ്യൽ മെഷിനുകൾ, ചെണ്ട, കാർഷിക യന്ത്രങ്ങൾ, പ്ലാസ്റ്റിക് മേശകൾ മുതലായവ സൂക്ഷിച്ചിരിക്കുന്നു.






അഗ്രോ സർവ്വീസ് സെന്ററിനായി ബഹു. എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ഒരു കോടി രൂപ അനുവദിച്ച് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

5)<u>പേരയം മാർക്കറ്റ്</u>

മാർക്കറ്റ് അതിർത്തി തിരിച്ച് സംരക്ഷിച്ചിട്ടില്ല.



ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ചുറ്റുമതിൽ നിർമ്മിച്ച് സംരക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

6)<u>പനയമുട്ടം വിഷ ചികിത്സാലയം</u>

നിലവിൽ വയോജന കേന്ദ്രമെന്ന പേരിൽ പ്രവർത്തിക്കുന്നു. പ്രതിരോധ കുത്തിവയ്പ്പ് മുതലായ പഞ്ചായത്ത് പൊതു പരിപാടികൾ നടത്തി വരുന്നു. അതിർത്തി സംരക്ഷിക്കുന്നതിനായി മതിൽ കെട്ടിയിട്ടില്ല.

ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ചുറ്റുമതിൽ നിർമ്മിച്ച് സംരക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

7) കുട്ടികളുടെ ഉല്ലാസ്സത്തിനും, കായികവികാസത്തിനും സാധ്യമാകുന്ന പാർക്ക് സ്ഥാപിക്കൽ എന്ന പ്രോജക്റ്റിനായി 2017-18 വർഷം 3,49,907രൂപ ചെലവഴിച്ചിരുന്നു. സ്ഥലപരിശോധനയിൽ പനവൂർ ഗവ.എൽ.പി.എസിൽ സ്ഥാപിച്ചിരുന്ന പാർക്ക് കാടുപിടിച്ചും പൂർണമായും നശിച്ച നിലയിലാണ്.

പ്രസ്തുത പാർക്ക് പരിപാലിച്ച് സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 34/19.06.2024ന്റെ മറുപടി). ആസ്തി സംരക്ഷണത്തിനായി സ്വീകരിച്ച തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3)2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടതും വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനുമായ ഹരിതശ്രീ പദ്ധതിയിൽ ക്യാമറ വാങ്ങി സ്ഥാപിക്കുന്നതിനുവേണ്ടി 685000/-രൂപ അടങ്കൽ വകയിരുത്തി 659250/-രൂപ ചെലവഴിച്ച് 15 യൂണിറ്റ് സി.സി ടിവി ക്യാമറകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട് (ഒരു യൂണിറ്റ് = 4 ക്യാമറകൾ, ആകെ 60എണ്ണം).

സ്ഥല പരിശോധനയിൽ, വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന ക്യാമറകൾ തുരുമ്പെടുത്തും കണക്ഷൻ വിഛേദിച്ച നിലയിലും കണ്ടെത്തി.



മേൽ വിഷയം വിജിലൻസ് അന്വേഷണത്തിന്റെ പിരധിയിലാണെന്ന് വിശദീകരിച്ചിട്ടുണ്ട്.

ആസ്തി സംരക്ഷണത്തിന് ഉചിതമായ മാർഗങ്ങൾ സ്വീകരിക്കാൻ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ആസ്തി സംരക്ഷണത്തിനായി സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## <u>1-20 കണിക്കൊന്ന-സമഗ്രവിദ്യാഭ്യാസ പരിപാടികൾ ടെണ്ടർ നടപടികളിൽ അപാകത.</u>

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 24/23-24, കണിക്കൊന്ന-സമഗ്രവിദ്യാഭ്യാസ പരിപാടികൾ |
| അടങ്കൽ തുക | 701134/- |
| ചെലവ് തുക | 645127/- |
| ഫണ്ട് | പൊതുവിഭാഗം സാധാരണവിഹിതം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ സമഗ്രവിദ്യാഭ്യാസ പരിപാടികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കണിക്കൊന്ന-സമഗ്രവിദ്യാഭ്യാസ പരിപാടികൾ എന്ന പ്രോജക്ട് പരിശോധിച്ചതിൽ വാങ്ങൽ നടപടികളിൽ തദ്ദേശസ്വയംഭരണവകുപ്പിനായുള്ള പ്രൊക്യൂർമെന്റ് മാന്വൽ മാനദണ്ഡങ്ങൾ പാലിക്കുന്നില്ല.വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തീയതിTR 59 (E) | ഇനം | സ്ഥാപനം | തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | പ്രകാരമുള്ളത് | | | |
| 1 | 21.10.2023 | മൊമെന്റോ | കെ ജി പ്രസ്സ് | 52380 |
| ആകെ | | | | 52380 |
| 2 | 21.10.2023 | പന്തൽ സ്റ്റേജ് ഡെക്കോറേഷൻ | ആദിത്യൻ പന്തൽ വർക്സ് | 20,000 |
| | 27.03.2024 | പന്തൽ സ്റ്റേജ് ഡെക്കോറേഷൻ | ഷമ്മാസ് ഷീറ്റ് പന്തൽ | 18500 |
| | ആകെ | | | 38500 |
| 3 | 06.01.1024 | ലൈറ്റ് & സൗണ്ട്സ് | എസ് കെ സൗണ്ട്സ് | 6900 |
| | 27.03.2024 | ലൈറ്റ് & സൗണ്ട്സ് | എസ് കെ സൗണ്ട്സ് | 17200 |
| | 20.07.2023 | ലൈറ്റ് & സൗണ്ട്സ് | മോഹൻ സൗണ്ട്സ് | 4500 |
| | 20.07.2023 | ലൈറ്റ് & സൗണ്ട്സ് | ബ്രദേഴ്സ് ലൈറ്റ് & സൗണ്ട്സ് | 3500 |
| | ആകെ | | | 32100 |
| 5 | 27.03.2024 | ട്രോഫി | കെ ജി പ്രസ്സ് | 92110 |
| ആകെ | | | | 92110 |

പ്രസ്തുത പ്രോജക്ടിൽ മുകളിൽ ചേർത്തിട്ടുള്ള സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലുകൾ നടത്തിയിട്ടുള്ളത് ക്വൊട്ടേഷൻ/ ടെണ്ടർ ക്ഷണിച്ചല്ല. തദ്ദേശസ്വയംഭരണ വകുപ്പുകൾക്കായുള്ള പ്രൊക്യൂവർമെന്റ് മാന്വൽ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ പ്രോജക്ടുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വാങ്ങൽ നടപടിക്രമങ്ങളിൽ പാലിക്കേണ്ട മതിപ്പ് വിലയുടെ പരിധി നിശ്ചയിച്ചിട്ടുള്ളതാണ്. ആയതിനനുസൃതമായി ക്വൊട്ടേഷൻ/ ടെണ്ടർ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് അന്വേഷണം 14/15.06.2024) മറുപടിയായി, വരും വർഷങ്ങളിൽ നിയമാനുസൃതമായി ക്വൊട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിച്ച് സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങൽ നടപടികൾ കൈക്കൊള്ളാമെന്ന് അറിയിച്ചിട്ടുണ്ട്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കായുള്ള ഫണ്ട് ഉപയോഗിച്ചുള്ള വാങ്ങൽ നടപടികളിൽ തദ്ദേശസ്വയംഭരണ വകുപ്പുകൾക്കായുള്ള പ്രൊക്യൂവർമെന്റ് മാന്വൽ മാനദണ്ഡങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ വിഷയത്തിലേക്ക് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

| | |
|---|---|
| പ്രോജക്ട് നം , പേര് | 76/23-24, കേരകേരളം- തെങ്ങ് കൃഷിയിൽ ശാസ്ത്രീയ രോഗ കീട നിയന്ത്രണം. |
| അടങ്കൽ തുക | 165000/- |
| ചെലവ് തുക | 165000/- |
| | |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ. |

രൂക്ഷമായ രോഗകീട ബാധയാൽ ഉൽപ്പാദനം കുറഞ്ഞതും, സസ്യ സംരക്ഷണ മാർഗ്ഗങ്ങൾ നടപ്പാക്കിയാൽ ഉൽപ്പാദനം വർധിപ്പിക്കുവാൻ കഴിയുന്നതുമായ തെങ്ങുകളിൽ രോഗകീട നിയന്ത്രണമാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതാണ് പ്രോജക്റ്റ്. ഒരു തെങ്ങിന് വേണ്ടിവരുന്ന ആകെ 165/- രൂപയിൽ 150 രൂപ പദ്ധതി വിഹിതവും ബാക്കി വരുന്ന തുക ഗുണഭോക്താവ് നേരിട്ട് (15 രൂപ) ചെലവഴിക്കുന്നു. ആയതിൻ പ്രകാരം 20.02.2023 തീയതിൽ കാർഷിക കർമ്മസേനയ്ക്ക് 15000/- രൂപ ബെനിഫിഷ്യറി കോൺട്രിബ്യൂഷനായി അനുവദിച്ചിട്ടുള്ളതാണ്. ജി ഒ (കൈ) 115/2023 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.1.9A.17പ്രകാരം കാർഷികസേവനങ്ങൾക്ക് സബ്ഡിഡി എന്ന ഇനത്തിൽ കാർഷികകർമ്മസേനകൾ നൽകുന്ന സേവനങ്ങൾക്ക് പരമാവധി 50% സബ്ഡിഡിയാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ, പ്രസ്തുത പ്രോജക്റ്റ് പ്രകാരം ആകെ ചെലവിന്റെ 50 ശതമാനത്തിൽ അധികം സബ്സിഡി അനുവദിച്ചതായി കാണുന്നു.

മേൽ വിഷയങ്ങളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ14/19.06.2020)മറുപടി ലഭ്യമാക്കിയില്ല. അപാകത്തിന് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-22 വിവിധ രജിസ്റ്ററുകൾ കൃത്യമായി പരിപാലിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 31-03-2024 പ്രകാരമുള്ള ബാലൻസ്ഷീറ്റിലെ വിവരങ്ങളുടെ ആധികാരികത പരിശോധിയ്ക്കുന്നതിനാവശ്യമായ വിവിധ രജിസ്റ്ററുകൾ കൃത്യമായ രേഖപ്പെടുത്തൽ നടത്തി കാലികമാക്കി സൂക്ഷിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1)ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ലോൺ വിശദാംശം ചുവടെ ചേർക്കുന്നു

| മുന്നിരിപ്പ് (2022-23 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം) | തൻവർഷത്തെ വരവ് (RP 31 പ്രകാരം) | ആകെ | തൻവർഷത്തെ ലോൺ തിരിച്ചടവ് (I14 B പ്രകാരം) | തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക (ബാലൻസ് ഷീറ്റ് B-5 പ്രകാരം) |
|---|---|---|---|---|
| 55804336 | 9851780 | 65656116 | 5887665 | 59768451 |

ടി തുകയുടെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ ലോൺ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം. 15 വഴി ആവശ്യപ്പെട്ടതിന് ലോൺ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലെന്നും ലോൺ രജിസ്റ്റർ എഴുതി പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്നും മറുപടി നൽകി. രജിസ്റ്റർ കാലികമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2)നിർവ്വഹണോദ്യോഗസ്ഥർക്കുള്ള അഡ്വാൻസ് വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല

RP 49 ഷെഡ്യൂൾ പ്രകാരം നിർവ്വഹണോദ്യോഗസ്ഥർക്കുള്ള മുൻകൂറായി 56158 രൂപ നൽകിയിട്ടുണ്ട്. ഇതിന് പുറമേ ADVANCE TO OTHERS എന്ന ഇനത്തിലായി 7000 രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച വിശദാംശം ഓഡിറ്റിന് ഹാജരാക്കിയ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിന്റെ കാരണം ഓഡിറ്റ് എൻക്വയറി നം . 15 വഴി ആവശ്യപ്പെട്ടതിന് Advance To Others എന്ന ഹെഡിൽ നൽകിയിരിക്കുന്ന 56158/- രൂപ കേരളോത്സവത്തിന്റെ ചെലവ് അഡ്വാൻസായി നല്കിയതാണെന്നും ഈ തുകകൾ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലെന്നും ആയത് പരിഹരിച്ച് രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് സമർപ്പിക്കുന്നതാണെന്നും മറുപടി നൽകി.

3)നിക്ഷേപ പ്രവൃത്തികളുമായി ബന്ധപ്പെട്ട വിവരങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

ബാലൻസ്ഷീറ്റ് B-18 പ്രകാരം മുൻ വർഷങ്ങളിൽ നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ സ്ഥാപനങ്ങൾക്ക് നൽകിയ തുകകൾ ഇപ്രകാരമാണ്.

| | മുന്നിരിപ്പ് (2022-23 വർഷത്തെ ബാലൻസ് ഷീറ്റ് B-18 പ്രകാരം) | 2023-24 വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | നീക്കിയിരിപ്പ് (2023-24 വർഷത്തെ ബാലൻസ് ഷീറ്റ് B-18 പ്രകാരം) |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | 7091000 | 0 | 7091000 | 101329 | 6989671 |

രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ ആധികാരികത പരിശോധിക്കുന്നതിന് നിക്ഷേപ പ്രവൃത്തികളുമായി ബന്ധപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന രജിസ്റ്റർ , അനുബന്ധ രേഖകൾ എന്നിവ ഓഡിറ്റ് എൻക്വയറി നം. 15 വഴി ആവശ്യപ്പെട്ടതിന് രജിസ്റ്റർ നിലവിലില്ല എന്നും ടി രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് സമർപ്പിക്കുന്നതാണെന്നും മറുപടി നൽകി. രജിസ്റ്റർ കാലികമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

കൂടാതെ, നിക്ഷേപ പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിച്ച് വാട്ടർ അതോറിറ്റിയിൽ നിന്നുമുള്ള ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ബാലൻസ്ഷീറ്റ് B-18 പ്രകാരമുള്ള 7091000/- രൂപ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-23 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല - 532731 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2023-24 സാമ്പത്തിക വർഷം വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി ചുവടെ പറയുന്ന പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| പ്രോജക്ട് നമ്പർ | S0 85/24 | S0 161/24 | S0 218/24 | SO 87/24 |
|---|---|---|---|---|
| പ്രോജക്ടിന്റെ പേര് | IKM വിഹിതം നൽകുന്നത് - | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിങ് | പൊതു കുടിവെള്ള ടാപ്പുകളുടെ കട്ടിങ് ചാർജ് അടവാക്കൽ | പാഥേയം (എസ്.സി) ജില്ലാ പഞ്ചായത്തിന് തുക കൈമാറൽ |
| അടങ്കൽ | 86718 വികസനഫണ്ട് (ജനറൽ) | 196684 വികസനഫണ്ട് (ജനറൽ) | 162929 വികസനഫണ്ട് (ജനറൽ) | 86400 (വികസനഫണ്ട് എസ്.സി.പി) |
| ചെലവ് | 86718 | 196684 | 162929 | 86400 |
| ബിൽ നമ്പർ | 160/18.08.2023 86718 | 13/11.05.2023-176033<br>50 14/06/2023-20651 | 297/27.11.2023 | 396/13.02.2024-86400 |
| നിർവ്വഹണം | സെക്രട്ടറി | സെക്രട്ടറി | സെക്രട്ടറി | സെക്രട്ടറി |

ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് വിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനക്കായി ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എൻക്വയറിക്ക് നൽകിയ മറുപടിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | തുക | പദ്ധതിയുടെ പേര് | എൻക്വയറി നം | റിമാർക്സ് |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 1 | 86718 | IKM വിഹിതം നൽകുന്നത് - | 17/2023-24 Dtd 15.06.2024 | - |
| 2 | 196684 | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിങ് | 18/2023-24dtd 15.06.2024 | - |
| 3 | 162929 | പൊതു കുടിവെള്ള ടാപ്പുകളുടെ പ്രോജക്റ്റ് നമ്പർ കട്ടിങ് ചാർജ് അടവാക്കൽ | 20/2023-24dtd 15.06.2024 | - |
| 4 | 86400 | പാഥേയം (എസ്.സി) ജില്ലാ പഞ്ചായത്തിന് തുക കൈമാറൽ | 27/2023-24 Dtd 18.06.2024 | പദ്ധതി പ്രകാരം 13.02.2024 ൽ ജില്ലാ പഞ്ചായത്തിന് തുക കൈമാറുകയും പ്രസ്തുത തുക പനവൂർ കുടുംബശ്രീയുടെ അക്കൗണ്ടിൽ 23.02.2024 ൽ ക്രഡിറ്റ് ആകുകയും ചെയ്തു. എന്നാൽ പദ്ധതി തുക നാളിതുവരെയും കുടുംബശ്രീ വിനിയോഗിച്ച് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടില്ല. |

വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ പദ്ധതികൾക്കായി ചെലവഴിച്ച 532731 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. പാഥേയം പദ്ധതി പ്രകരമുള്ള ആനുകൂല്യം ഗുണഭോക്താക്കൾക്ക് ലഭ്യമായതിന്റെ വിശദാംശങ്ങൾ ഉൾപ്പെടെ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## **1-24 ജലജീവൻ മിഷൻ- ഗ്രാമപഞ്ചായത്ത് വിഹിതം കൈമാറൽ പദ്ധതിയിലെ അപാകം.**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0 201/24 |
| പ്രോജക്റ്റിന്റെ പേര് | ജലജീവൻ മിഷൻ പദ്ധതി ജലശുദ്ധീകരണശാല നിർമാണത്തിന് സ്ഥലം വാങ്ങുന്നതിന് ഗ്രാമപഞ്ചായത്ത് വിഹിതം കൈമാറൽ |
| അടങ്കൽ | 14,00,000/- തനത് ഫണ്ട് |
| ചെലവ് | 12,50,000/- |
| ബിൽ നമ്പർ | 133/01.08.2023 |
| നിർവ്വഹണം | സെക്രട്ടറി |

ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പനവൂർ, വെമ്പായം, പുല്ലമ്പാറ ഗ്രാമപഞ്ചായത്തുകൾ സംയുക്തമായി ഏറ്റെടുത്തിട്ടുള്ള ജലജീവൻ മിഷൻ പദ്ധതി 12 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല നിർമാണത്തിന് സ്ഥലം വാങ്ങുന്നതിന് ഗ്രാമപഞ്ചായത്ത് വിഹിതം കൈമാറൽ എന്ന പദ്ധതി പ്രകാരം ടി പ്രോജക്റ്റ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന വെമ്പായം ഗ്രാമ പഞ്ചായത്തിന് വിഹിതമായി 12,50,000/- രൂപ ഈ പദ്ധതി പ്രകാരം കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ കരാർ, ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച വിശദാംശം, എന്നിവ പരിശോധനക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് (നമ്പർ 19 /15.06.2024) ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പനവൂർ, വെമ്പായം, പുല്ലമ്പാറ ഗ്രാമപഞ്ചായത്തുകൾ സംയുക്തമായി ആസൂത്രണം ചെയ്തതും വെമ്പായം ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കുന്നതുമായ പദ്ധതിയാണിതെന്നും വെമ്പായം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലാണ് ഇത് ചേർക്കേണ്ടതെന്നും മറുപടി ലഭ്യമാക്കി.

എന്നാൽ, ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും 12,50,000/- രൂപ സംയുക്ത പ്രോജക്റ്റിനായി മറ്റൊരു തദ്ദേശ സ്ഥാപനത്തിന് കൈമാറിയിട്ടും കരാർ വച്ചതായി കാണുന്നില്ല. കരാറിന്റെ അഭാവത്തിൽ ഭാവിയിൽ ഏതെങ്കിലും വ്യവസ്ഥാ ലംഘനമുണ്ടായാൽ എപ്രകാരം പരിഹരിക്കുമെന്നോ ഇതിന്റെ നിയമസാധുതയോ വ്യക്തമല്ല.

സംയുക്ത പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ സ.ഉ.(കൈ)നം.84/2022/ത.സ്വ.ഭ.വ. തീയതി-19.04.22 ലെ ഖണ്ഡിക 3.-5.4ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

## 1-25 സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം QR Code സ്ഥാപിക്കൽ പൂർത്തിയായില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | SO 120/24 |
| പ്രോജക്ടിന്റെ പേര് | സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം |
| അടങ്കൽ | 2,00,000/- ധനകാര്യ കമ്മീഷൻ അവാർഡ്<br>1,00,000/- കേന്ദ്രാവിഷ്കൃത ഫണ്ട് |
| ചെലവ് | 1,98,900/- |
| ബിൽ നമ്പർ | 429/14.03.2024 |
| നിർവ്വഹണം | VEO 1 |

പനവൂർ ഗ്രാമ പഞ്ചായത്ത് സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം നടപ്പിലാക്കുന്നതിനായി സ്മാർട്ട്ഫോൺ വാങ്ങൽ, സ്ഥാപനങ്ങളിൽ ഓഫീസ് ആവശ്യത്തിനായി ലാപ്ടോപ്പ് , QR Code സ്ഥാപിക്കൽ, കെൽട്രോണിന് സർവീസ് ചാർജ് എന്നിവയ്ക്കായി വിഭാവനം ചെയ്ത പദ്ധതി. പദ്ധതി പ്രകാരം ഒരു ലാപ്ടോപ്പ് വാങ്ങുകയും, 6500 QR Code പ്രിന്റ് ചെയ്ത് വാങ്ങുകയും ചെയ്തു. വാങ്ങിയ ലാപ്ടോപ്പ് ഓഫീസ് ആവശ്യത്തിനായി നൽകിയതിന്റെയും, QR Code സ്ഥാപിച്ച വീടുകളുടെ എണ്ണം എന്നീ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് (നമ്പർ 38 /19.06.2024) മറുപടിയായി, പ്രസ്തുത ലാപ്ടോപ്പിലൂടെയാണ് ഹരിതമിത്രം ആപ്ലിക്കേഷൻ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതെന്നും അവലോകന യോഗം ജില്ലാതല മീറ്റിങ് ഉൾപ്പെടെ അറ്റൻഡ് ചെയ്യുന്നതിന് ഉപയോഗിച്ച് വരുന്നെന്നും അറിയിച്ചു. കൂടാതെ, പനവൂർ ഗ്രാമ പഞ്ചായത്തിലെ സ്ഥാപനങ്ങളിലും വീടുകളിലും ഉൾപ്പെടെ 5712 QR Code സ്ഥാപിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. QR Code സ്ഥാപിക്കൽ പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-26 ലൈഫ് പദ്ധതി - അപാകം

ലൈഫ് ഭവന പദ്ധതിയിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ആദ്യ ഗഡു കൈപ്പറ്റിയെങ്കിലും ഭവന നിർമാണം ആരംഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു (ഓഡിറ്റ് എൻക്വയറി നം 36 /2023-24,19.06.2024 )

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ഗുണഭോക്താവ് കൈപ്പറ്റിയ തുക | പ്രോജക്ട് നം |
|---|---|---|---|
| 1 | പാർവതി എ<br>ID 961147 | 40000/-<br>160000/- | Proj No 155/24 |
| 2 | ദിനേശ് ബി<br>ID 950022 | 40000/- | Proj No 155/24 |
| 3 | ലീല എം<br>ID 96115 | 40000/- | Proj No 155/24 |
| 4 | ലീല ജി<br>ID 1001129 | 40000/-<br>100000/- | Proj No 155/24 |
| 5 | ലീല ആർ<br>ID 1045614 | 40000/- | Proj No 155/24 |

| | | | |
|---|---|---|---|
| 6 | മോഹനൻ റ്റി<br>ID 1007432 | 40000/- | Proj No<br>155/24 |
| 7 | ദാമോദരൻ കാണി<br>ID 920947 | 360000/- | Proj No<br>149/24 |
| 8 | സുധ<br>ID 918660 | 578334/- | Proj No<br>149/24 |
| 9 | സിന്ധു<br>ID 1001143 | 40000/- | Proj No<br>150/24 |
| 10 | ടിന്റു ജെ കെ<br>ID 1001127 | 40000/- | Proj No<br>150/24 |
| 11 | കുട്ടപ്പൻ നായർ<br>ID 1001145 | 40000/- | Proj No<br>150/24 |
| 12 | ഹസീറ റ്റി എച്ച്<br>ID 1001141 | 40000/- | Proj No<br>150/24 |
| 13 | ശശി പി<br>ID 983476 | 100000/- | Proj No<br>151/24 |
| 14 | മായാവതി<br>ID 1002380 | 40000/- | Proj No<br>151/24 |
| 15 | ശശികല ആർ<br>ID 982684 | 40000/- | Proj No<br>151/24 |
| 16 | സുഭദ്ര<br>1001513 | 40000/- | Proj No<br>151/24 |
| 17 | തങ്കമ്മ<br>982470 | 40000/- | Proj No<br>151/24 |
| 18 | ശോഭ എൻ<br>1016440 | 140000/- | Proj No<br>151/24 |
| 19 | ആതിര എ കുട്ടപ്പൻ<br>1012548 | 40000/- | Proj No<br>151/24 |
| 20 | ഷീജ എസ്<br>983706 | 140000/- | Proj No<br>151/24 |
| 21 | ശ്രീകല ബി<br>991437 | 140000/- | Proj No<br>151/24 |
| 22 | വത്സല<br>1001704 | 40000/- | Proj No<br>151/24 |
| 23 | പ്രിയമോൾ ഒ<br>1012858 | 40000/- | Proj No<br>151/24 |

| | | | |
|---|---|---|---|
| 24 | രമ്യ<br>985603 | 260000/- | Proj No<br>151/24 |
| 25 | ശകുന്തള<br>974541 | 40000/- | Proj No<br>151/24 |
| 26 | ഓമന<br>971076 | 40000/- | Proj No<br>151/24 |

മേൽ ഗുണഭോക്താക്കൾ നിർമാണം പൂർത്തിയാക്കിയത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്. കൂടാതെ, ഡിസ്ബേഴ്സ്മെന്റ് രജിസ്റ്ററിൽ ഓരോ ഗുണഭോക്താവിന്റെയും അക്കൗണ്ട് നമ്പർ കൂടി ഉൾപ്പെടുത്തേണ്ടതും ഓരോ ഗുണഭോക്താവിന്റെയും വ്യക്തിഗത ഫയലിൽ പണം അനുവദിച്ചതിന്റെയും വിതരണം ചെയ്തതിന്റെയും വിവരങ്ങളും ഗുണഭോക്താവിന്റെയും വീടിന്റെയും ഫോട്ടോയും കൂടി ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-27 ബയോ കമ്പോസ്റ്റർ ബിൻ - വിതരണം പൂർത്തിയായില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0 122/24 |
| പ്രോജക്റ്റിന്റെ പേര് | വീടുകളിൽ ബയോ കമ്പോസ്റ്റർ ബിൻ |
| അടങ്കൽ | 525150 ധനകാര്യ കമ്മീഷൻ അവാർഡ്<br>58590 മറ്റുള്ളവ ഗുണഭോക്തൃ വിഹിതം |
| ചെലവ് | 115200-ധനകാര്യ കമ്മീഷൻ അവാർഡ്<br>12800 ഗുണഭോക്തൃ വിഹിതം |
| ബിൽ നമ്പർ | Vr.No 22301216 Dtd 30.03.2024-115200<br>Vr No 22301128 Dtd 15.03.24-12800 |
| നിർവ്വഹണം | VEO 1 |

പദ്ധതി പ്രകാരം (ഇൻവോയിസ് നം KLR/1046/2023-24 Dtd 08.02.2024) 1,28,000/- രൂപയ്ക്ക് 100 ബയോ കമ്പോസ്റ്റർ ബിൻ റെയിഡ്കോ ൽ നിന്ന് വാങ്ങുകയും നടപ്പ് സാമ്പത്തിക വർഷത്തിൽ ഗുണഭോക്തൃ വിഹിതം ഇനത്തിൽ പിരിച്ച 12,800/- രൂപയും ധനകാര്യ കമ്മീഷൻ അവാർഡ് 1,15,200/-രൂപ ഉൾപ്പെടെ 1,28,000/- രൂപ റെയിഡ്കോയ്ക്ക് നൽകുകയും ചെയ്തു. 2,162/- രൂപാ നിരക്കിലെ ബിൻ വാങ്ങുവാനാണ് പദ്ധതിയിൽ വിഭാവനം ചെയ്തതെങ്കിലും 1,280/- രൂപയുടെ ബിൻ ആണ് വാങ്ങിയിരിക്കുന്നത്. പദ്ധതിയുടെ പരിശോധനയിൽ രസീത് ബുക്ക് പ്രകാരം (രസീത് ബുക്ക് നം.20764) 99 ഗുണഭോക്താക്കളിൽ നിന്ന് 128/- രൂപാ നിരക്കിൽ 12,672/- രൂപാ പിരിച്ചതായും 12,800/- രൂപ റെയിഡ്കോയ്ക്ക് നൽകിയതായും കണ്ടു. കൂടാതെ പദ്ധതി ഫയലിൽ 95 ഗുണഭോക്താക്കളുടെ കൈപ്പറ്റ് വിവരമാണ് ഉള്ളത്. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (നമ്പർ 40 /19.06.2024) നിർവഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്തൃ വിഹിതം അടച്ച 95 പേർക്ക് മാത്രമാണ് ബിൻ വിതരണം ചെയ്തിട്ടുള്ളതെന്നും 5 എണ്ണം ഉടൻ വിതരണം ചെയ്തു കൊള്ളാമെന്നും അറിയിച്ചു.

വിതരണം ചെയ്യാൻ അവശേഷിക്കുന്ന 5 ബയോ കമ്പോസ്റ്റർ ബിൻ വിതരണം ചെയ്തു കൈപ്പറ്റ് വിശദാംശങ്ങൾ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-28 മൃഗസംരക്ഷണ മേഖലയിലെ പ്രോജക്റ്റ് നിർവ്വഹണം .

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി 8 പ്രോജക്ടുകൾക്ക് അംഗീകാരം വാങ്ങിയെങ്കിലും 4 പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കിയത്. ആകെ വകയിരുത്തിയ 15,17,500 രൂപയിൽ 4,47,291 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്(29%). ഫണ്ടിന്റെ അപര്യാപ്തതയാണ് ഇതിന് കാരണമായി വിശദീകരിച്ചിട്ടുള്ളത് (ഓഡിറ്റ് എൻക്വയറി നമ്പർ 04/12.06.2024ന്റെ മറുപടി).

സ്റ്റാറ്റസ് റിപ്പോർട്ടിലെ അടിസ്ഥാനവിവരങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിലെ കന്നുകാലികളുടെ / പക്ഷികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പശു | 725 |
| പോത്ത്/കാളക്കുട്ടി | 315 |
| ആട് | 1142 |
| എരുമ | 35 |
| കോഴി | 25152 |
| താറാവ് | 237 |

സ്റ്റാറ്റസ് റിപ്പോർട്ടിൽ, കന്നുകാലികളുടെ എണ്ണത്തിലുള്ള കുറവ് ഗുരുതര പ്രശ്നമായി പരാമർശിച്ചിട്ടുണ്ട്. ഉയർന്ന ഉല്പാദന ചെലവിന് കാരണമായി തീറ്റപ്പുല്ലിന്റെ ദൌർലഭ്യവും സൂചിപ്പിച്ചിട്ടുണ്ട്. കൂടാതെ, പഞ്ചായത്തിന്റെ കീഴിലുള്ള തരിശായ പ്രദേശങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തീറ്റപ്പുൽ കൃഷി നടപ്പിലാക്കുന്നതിന്, 28.12.2022ലെ വർക്കിംഗ് ഗ്രൂപ്പിൽ നിർദ്ദേശമുണ്ടായിട്ടുണ്ട്. എന്നാൽ, പ്രസ്തുത നിർദ്ദേശങ്ങളൊന്നുംതന്നെ പ്രോജക്ടുകളായി മാറിയിട്ടില്ല. ഊരുകളിലുൾപ്പെടെ മൃഗസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും മുട്ട, ഇറച്ചി എന്നിവയുടെ കാര്യത്തിൽ പഞ്ചായത്തിനെ സ്വയം പര്യാപ്തമാക്കുന്നതിനും തൻവർഷം പ്രോജക്ടുകൾ രൂപീകരിച്ചിട്ടില്ല.

തീറ്റപ്പുൽ കൃഷിക്ക് അനുയോജ്യമായ ജലസേചന സൌകര്യമുള്ള തരിശ് ഭൂമി കണ്ടെത്താൻ കഴിയാത്തതാണ് തീറ്റപ്പുൽ കൃഷി വ്യാപനത്തിന് തടസ്സമാകുന്നതെന്ന് വിശദീകരിച്ചിട്ടുണ്ട്.

ഗ്രാമസഭ നിർദ്ദേശങ്ങളനുസരിച്ച് പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച് തീരുമാനിച്ച പദ്ധതികളാണ് രൂപീകരിച്ചതെന്നും മുട്ട, ഇറച്ചി എന്നിവയുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തമാക്കുന്നതിനുള്ള പദ്ധതികൾ പ്ലാൻ ഫണ്ടിന്റെ ലഭ്യത കുറവ് മൂലമാണ് രൂപീകരിക്കാൻ കഴിയാത്തതെന്നും വെറ്റിനറി സർജൻ അറിയിച്ചിട്ടുണ്ട്.

കാർഷിക/മൃഗസംരക്ഷണ/ക്ഷീരവികസന മേഖലയ്ക്ക് വളരെയേറെ പ്രാധാന്യമുള്ള ഗ്രാമപഞ്ചായത്തിൽ, പ്രസ്തുത മേഖലയിലെ ഉല്പാദനവർദ്ധനവിന് ആവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 കന്നുകുട്ടി പരിപാലന പദ്ധതി – കൈമാറിയ തുക വിനിയോഗിക്കാതെ അവശേഷിക്കുന്നു.

നാല് മുതൽ ആറ് മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്ക് കാലിത്തീറ്റ വിതരണത്തിനായി 2023-24 വർഷം ആവിഷ്കരിച്ച പ്രോജക്ടിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | S0163/24(സ്പിൽ ഓവർ) | |
| പേര് | കന്നുകുട്ടി പരിപാലന പദ്ധതി | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട്(ജനറൽ) | 312500 | 312500 |
| ഗുണഭോക്തൃ വിഹിതം (നേരിട്ട് ചെലവഴിക്കുന്നത്) | 312500 | 0 |
| ആകെ | 625000 | 312500 |
| ബിൽ നമ്പർ | 20/16.05.2023 | |

പ്രസ്തുത പ്രോജക്ടിനായി SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയ തുക സംബന്ധിച്ച് 2014-15 മുതൽ 2019-20 വരെയുള്ള വിനിയോഗ വിവരം ചുവടെ ചേർക്കുന്നു(അവലംബം - ഓഡിറ്റ് എൻക്വയറി നമ്പർ 04/12.06.2024ന്റെ മറുപടി).

| ക്രമ നമ്പർ | വർഷം | ട്രാൻസ്ഫർ ചെയ്ത തുക | വിനിയോഗിച്ച തുക | ബാക്കി |
|---|---|---|---|---|
| I | 2014-15 | 312500 | 266490 | 46010 |
| Ii | 2015-16 | പദ്ധതി നടപ്പാക്കിയില്ല | | |

| | | | | |
|---|---|---|---|---|
| Iii | 2016-17 | 312500 | 281511 | 30989 |
| Iv | 2017-18 | 625000 | 493996 | 131004 |
| V | 2018-19 | 375000 | 305303 | 69697 |
| | | 250000 | 191726 | 58274 |
| Vi | 2019-20 | 312500 | 260104 | 52396 |

മേൽ പരാമർശിച്ച വർഷങ്ങളിലെ പ്രോജക്റ്റ് പൂർണമായതിനാൽ, SLBPയിൽ അവശേഷിക്കുന്ന തുക തിരികെ ലഭ്യമാക്കുന്നതിനുള്ള ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 ജലശ്രീ കിണർ റീചാർജിങ്- നിയമാനുസൃത നികുതികൾ കുറവ് ചെയ്തില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0109/24 |
| പ്രോജക്ടിന്റെ പേര് | ജലശ്രീ കിണർ റീചാർജിങ് |
| അടങ്കൽ | 2342000 ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് | 1540000 |
| ബിൽ നമ്പർ | Vr.No.22301221 / 30.03.2024-480000<br>Vr No.22301236 / 31.03.2024-1060000 |
| നിർവ്വഹണം | VEO II |

പനവൂർ ഗ്രാമപഞ്ചായത്തിലെ നിരന്നതും പരന്നതുമായ മേൽക്കൂരയുള്ള 195 വീടുകളിൽ ജലശ്രീ പദ്ധതി പ്രകാരം കിണർ റീചാർജിങ് നടത്തി ജല സംരക്ഷണം ഉറപ്പാക്കുന്നതിനായി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ദീപം ചാരിറ്റബിൾ സൊസൈറ്റി മുഖേന നടപ്പിലാക്കിയ പദ്ധതിയാണിത്. പദ്ധതിയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

സുലേഖ ചെലവ് പത്രിക പ്രകാരം 1540000 രൂപയുടെ ചെലവ് ഉണ്ടെങ്കിലും ബാങ്ക് ബുക്ക് പ്രകാരം രസീത് നം 1230000231 / 31.03.2024 ആയി 1060000 രൂപ തിരികെ ക്രഡിറ്റ് ആയിട്ടുണ്ട്.

2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഒടുക്കേണ്ടതുണ്ട്. എന്നാൽ മേൽ പ്രവൃത്തികൾ പ്രകാരം തുക അനുവദിച്ചപ്പോൾ ജി.എസ്.ടി സ്രോതസ്സിൽ കുറവ് ചെയ്തിട്ടില്ല. ഫയലിൽ നിർവഹണ ഏജൻസിയുടെ ജി.എസ്.ടി രജിസ്ട്രേഷൻ രേഖകൾ സൂക്ഷിച്ചിട്ടില്ല.

1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പെയ്മെന്റ് നൽകുമ്പോൾ അല്ലെങ്കിൽ ആകെ ഒരു വർഷം ഒരു ലക്ഷത്തിൽ കൂടുതൽ തുക നൽകുമ്പോൾ 2% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. കൂടാതെ, പാൻകാർഡ് സമർപ്പിക്കാത്ത പ്രവൃത്തികൾ വകുപ്പ് 206 എഎ പ്രകാരം 20% ആദായ നികുതി ഈടാക്കേണ്ടതാണ്. മേൽ പ്രവൃത്തിയിൽ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഒടുക്കിയിട്ടില്ല. കൂടാതെ ഏജൻസിയുടെ പാൻകാർഡ് വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടുമില്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന്(നം 40 /19.06.2024) നിർവഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ, വ്യക്തികൾക്ക് സബ്സിഡി നൽകുന്ന രീതിയിലാണ് പദ്ധതി ആസൂത്രണം ചെയ്തതെന്നും ഒരു യൂണിറ്റിന് മാർഗരേഖ പ്രകാരം 12,000/- രൂപ മാത്രമാണ് അംഗീകൃത ഏജൻസിക്ക് നൽകിയതെന്നും ആയതിനാലാണ് ജി.എസ്.റ്റി, റ്റി.ഡി.എസ് എന്നിവ കുറവ് ചെയ്യാത്തതെന്നും അറിയിച്ചു.
മേൽപ്പറഞ്ഞ ഏജൻസിയിൽ നിന്നും ജി.എസി.ടി ഒടുക്കിയതിന്റെയും ആദായ നികുതി ഒടുക്കിയതിന്റെയും രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-31 മാലിന്യ സംസ്കരണം-ഹരിതകർമ്മസേനാ പ്രവർത്തനങ്ങൾ

പാരിസ്ഥിതിക നിലവാരം മെച്ചപ്പെടുത്തുകയും സംരക്ഷിക്കുകയും ചെയ്യുക, എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള മലിനീകരണം നിയന്ത്രിക്കുക തുടങ്ങിയ ലക്ഷ്യത്തോടെയാണ് 1986 ലെ പരിസ്ഥിതി(സംരക്ഷണ) നിയമം രൂപീകരിച്ചത്. നിയമത്തിന് കീഴിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നിരവധി ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവയാണ് 2016 ലെ ഖരമാലിന്യ ചട്ടങ്ങൾ , 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് (മാനേജ്മെൻറ് ആൻറ് ഹാൻറലിംഗ്) ചട്ടങ്ങൾ, 2016 ലെ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെൻറ് ചട്ടങ്ങൾ, 2016 ലെ ഇ-വേസ്റ്റ്(മാനേജ്മെന്റ്) ചട്ടങ്ങൾ തുടങ്ങിയവ. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം, ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219എ മുതൽ 219എക്സ് വരെയുള്ള വകുപ്പുകളിൽ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള മാർഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന സുസ്ഥിരമായ മാലിന്യ സംസ്കരണ രീതികൾ പ്രോത്സാഹിപ്പിക്കുക, മാലിന്യ സംസ്കരണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം വളർത്തുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് 2013 ൽ ഹരിതകർമ്മ സേന രൂപീകരിച്ചിട്ടുള്ളത്.

മാലിന്യ സംസ്കരണം/ഹരിതകർമ്മസേനാ പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നമ്പർ 10 / 13.06.2024) ചുവടെ പറയുന്ന പ്രകാരം സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

**ഖരമാലിന്യ പരിപാലനത്തിനായി സ്വീകരിച്ച നടപടികൾ**

2016 -ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ പ്രാവർത്തികമാക്കുന്നതിനായി, 20.05.2023 ലെ സ.ഉ. (സാധാ) നം. 1068/2023/LSGD ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള താഴെപ്പറയുന്ന നടപടികൾ സ്ഥാപനം സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്.

A) ശുചിത്വ മിഷൻ കലണ്ടർ പ്രകാരം 15 വാർഡുകളിലും 100 % വാതിൽപ്പടി ശേഖരണം നടത്തുന്നു.

B) മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് ബയോബിന്നുകൾ നൽകി വരുന്നു.

C) 15 വാർഡുകളിലുമായി നിലവിൽ ഓരോ മിനി എം സി എഫ് വീതം പ്രവർത്തനമുണ്ട്. കൂടാതെ അജൈവ മാലിന്യം പ്രവർത്തനം വേഗത്തിലാക്കാൻ വേണ്ടി ഓരോ മിനി എം.സി.എഫ് കൂടി 2023-24 ൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി ലഭ്യമാക്കിയിട്ടുണ്ടെന്നും അങ്ങനെ ഓരോ വാർഡുകളിലും 2 മിനി എം സി എഫ് വീതം ഉണ്ടെന്നും ഇതു കൂടാതെ താൽകാലികമായി ഒരെണ്ണവും, കൂടാതെ പേരയം മാർക്കറ്റിന് സമീപം സ്ഥിരം എം സി എഫ് നിർമാണം പൂർത്തീകരിച്ചിട്ടുമുണ്ടെന്നും അറിയിച്ചു.

**ആപത്കരമായ മാലിന്യങ്ങൾ, ബയോ മെഡിക്കൽ മാലിന്യങ്ങൾ**

ബയോമെഡിക്കൽ മാലിന്യം 16.05.2022 ലെ സ.ഉ. (സാധാ) നം. 1227/2022/LSGD ഉത്തരവ് പ്രകാരം ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന അന്വേഷണത്തിന് ബയോ മെഡിക്കൽ മാലിന്യം ഹരിതകർമ സേന വഴി ശേഖരിക്കുന്നില്ല എന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ നാപ്കിനുകൾ, സാനിട്ടറി പാഡുകൾ എന്നിവ സംസ്കരിക്കുന്നതിനായി ഇൻസിനറേറ്ററുകൾ സ്ഥാപിച്ചിട്ടില്ല. ആപത്കരമായ മാലിന്യങ്ങൾ, ബയോമെഡിക്കൽ മാലിന്യങ്ങൾ എന്നിവ ശേഖരിക്കുന്നതിനും നീക്കം ചെയ്യുന്നതിനായി സർക്കാർ നിർദ്ദേശ പ്രകാരമുള്ള സംവിധാനങ്ങൾ ഗ്രാമപഞ്ചായത്ത് മുഖേന നടപ്പാക്കേണ്ടതാണ്.

**ബോധവത്കരണം, പ്രചാരണം**

2016 -ലെ ഖര മാലിന്യ ചട്ടങ്ങൾ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനായി മാലിന്യമുക്ത കേരളത്തിന്റെ ഭാഗമായി ബയോബിന്നുകളുടെ പ്രവർത്തനങ്ങൾ അവതരിപ്പിച്ചുകൊണ്ട് വാഹന പ്രചരണവും നോട്ടീസ് വിതരണവും നടത്തിയിട്ടുണ്ട്. യുവജന വിദ്യാർത്ഥി സംഘടനകൾ ,ക്ലബ്ബുകൾ മറ്റ് കൂട്ടായ്മകൾ എന്നിവയെ പരമാവധി പ്രയോജനപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്{ സ.ഉ. (സാധാ) നം. 1971/2023/LSGD തീ.07.10.2023)}.

**മാലിന്യ ചട്ടങ്ങളുടെ ലംഘനം**

മാലിന്യ ചട്ടങ്ങൾ ലംഘിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാൻ പ്രത്യേക വിജിലൻസ് സ്ക്വാഡ് രൂപീകരിച്ചതായും മാസത്തിൽ രണ്ട് തവണ വീതം സ്ഥാപനങ്ങൾ പരിശോധിക്കുന്നുണ്ടെന്നും നിലവിൽ 18

സ്ക്വാഡുകൾ നടത്തി 43000രൂപ പിഴ ചുമത്തിയിട്ടുണ്ടെന്നും അറിയിച്ചു.

**പൊതു ഇടങ്ങളിലേയും, ജല സ്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യൽ**

26.04.2023 ലെ G.O. (Rt) No. 922/2023/LSGD ഉത്തരവ് പ്രകാരം പൊതു ഇടങ്ങളിലേയും, ജല സ്രോതസ്സുകളിലേയും മാലിന്യം നീക്കം ചെയ്യാൻ ജനകീയ പങ്കാളിത്തത്തോട് കൂടിയും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചും ശുചീകരണം നടത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

**മാലിന്യ സംസ്കരണം മറ്റ് പ്രവർത്തനങ്ങൾ**

2023-24 വർഷത്തിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് 8 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ടെന്നും കർമ്മസേനാംഗങ്ങൾക്ക് ശരാശരി 8000 രൂപ വരെ പ്രതിമാസ വരുമാനം ലഭിക്കുന്നുണ്ടെന്നും ശുചിത്വമിഷൻ കലണ്ടർ പ്രകാരം കുപ്പി ശേഖരിക്കുന്നുണ്ടെന്നും അറിയിച്ചു. ഹരിത കർമ്മ സേനയുടെ സേവനം ഉറപ്പാക്കുന്നതിനും ഹരിത കർമ്മ സേനയ്ക്ക് ലഭിക്കേണ്ട സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനം ഹരിത കർമ്മ സേനയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെന്നും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നകതിന്റെ ഭാഗമായി ഹരിതകർമ സേനയുടെ ഗ്രീൻ ഈവൻമാനേജ്മെന്റ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ടെന്നും പൊതു പരിപാടികൾക്ക് നൽകുന്നതിനായി സ്റ്റീൽ ഗ്ലാസ്, പ്ലേറ്റ് എന്നിവ വാങ്ങി നൽകിയിട്ടുണ്ടെന്നും അറിയിച്ചു.

തുമ്പൂർമൊഴി ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയ പൊതു ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളും പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ളതായും2023-24 വർഷത്തിൽ MCF നിർമാണം ഏറ്റെടുത്തു പണിപൂർത്തീകരിച്ചു വരുന്നുവെന്നും പൂർത്തിയാകുന്ന മുറയ്ക്ക് Bailing Machine, സോർട്ടിംഗ് ടേബിൾ, കൺവെയർ ബെൽറ്റ് എന്നിവ സ്ഥാപിക്കുമെന്നും 1500 സ്ക്വ.ഫീറ്റ് വിസ്തൃതിയിലാണ് പണികഴിപ്പിച്ചതെന്നും അറിയിച്ചു. 26.05.2023 ലെ സ.ഉ. (സാധാ) നം. 1109/2023/LSGD പ്രകാരം ഹരിത ഓഡിറ്റിംഗ് നടത്തി 21 സ്ഥാപനങ്ങൾക്ക് ഹരിത ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്നും അറിയിച്ചു.

ഹരിതകർമ സേനയുടെ പ്രവർത്തനങ്ങൾക്കായി നിലവിൽ ഇലക്ട്രിക് വാഹനങ്ങൾ ഉണ്ട്. വാർഡുകളിലെ മിനി എം.സി.എഫ കളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യാൻ ടി വാഹനങ്ങൾ ഉപയോഗിച്ചു വരുന്നെന്ന് അറിയിച്ചിട്ടുണ്ട്.

ഹരിതകർമ സേനയുടെ പ്രവർത്തനങ്ങൾക്കായി സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് സിസ്റ്റം , ഹരിതകർമ സേനാ പ്രവർത്തനങ്ങൾ , ഹരിതകർമസേനയ്ക്കായി ട്രോളി പുഷ്കാർട്ട് വാങ്ങി നൽകൽ എന്നീ പദ്ധതികൾ 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കി. പ്രസ്തുത പദ്ധതികളിലായി 499610 രൂപ ചെലവാക്കിയിട്ടുണ്ട്.

**ഹരിത കർമ്മസേനയുടെ യൂസർ ഫീ**

31.03.2023 ലെ സ.ഉ. (സാധാ) നം. 789/2023/LSGD നമ്പർ ഉത്തരവ് പ്രകാരം ഹരിത കർമ്മ സേനയ്ക്ക് യൂസർ ഫീ നൽകുന്നതിൽ കുടിശ്ശിക വരുത്തിയവർക്ക് നോട്ടീസ് നൽകുന്നുണ്ടെന്നും യൂസർ ഫീ കളക്ഷൻ തുകയും അവരുടെ പ്രവർത്തനവും വിലയിരുത്തുന്നതിനായി എല്ലാ മാസവും അവലോകന യോഗം പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ നിർവഹണ ഉദ്യോഗസ്ഥർ സെക്രട്ടറി അസി.സെക്രട്ടറി റിസോഴ്സ് പേഴ്സണൽ എന്നിവരുടെ നേതൃത്വത്തിൽ നടത്തുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

**ഖരമാലിന്യ സംസ്കരണം/ഹരിത കർമ്മ സേന എന്നിവയുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ**

| | | |
|---|---|---|
| 1 | പഞ്ചായത്തിലെ ആകെ ജനസംഖ്യ | 20348 |
| 2 | വാസഗൃഹങ്ങളുടെ എണ്ണം | 5317 |
| 3 | സ്ഥാപനങ്ങളുടെ എണ്ണം (വ്യവസായ/ വാണിജ്യ വിദ്യാഭ്യാസ ആതുരാലയ സ്ഥാപങ്ങൾ) | 464 |
| 4 | പൊതു ചന്തകളുടെ എണ്ണം | Nil |
| 5 | ഓഡിറ്റോറിയങ്ങളുടെ എണ്ണം | 3 |
| 6 | ആകെ വാർഡുകളുടെ എണ്ണം | 15 |
| 7 | ഹരിത കർമ്മ സേനാംഗങ്ങളുടെ എണ്ണം | 30 |

| | | |
|---|---|---|
| 8 | പാഴ്വസ്തുക്കൾ ഏറ്റെടുക്കുന്നതിനായി കരാറിൽ ഏർപ്പെട്ടിട്ടുള്ള സ്ഥാപനം | CKCL |
| 9 | ഓഡിറ്റ് വർഷം ശേഖരിച്ച ആകെ മാലിന്യത്തിന്റെ അളവ് | 30352 Kg |
| 10 | കരാർ സ്ഥാപനത്തിന് തരം തിരിച്ച് നൽകിയ മാലിന്യത്തിന്റെ/പാഴ്വസ്തുക്കളുടെ അളവ് | 30352 Kg |
| 11 | തരം തിരിക്കാതെ നൽകിയ മാലിന്യത്തിന്റെ (ലെഗസി) അളവ് | - |
| 12 | ഓഡിറ്റ് വർഷം യൂസർ ഫീ ഇനത്തിൽ ലഭിച്ച തുക | 2599850 |
| 13 | ഹരിത ചട്ട ലംഘനങ്ങളുടെ പിഴ ഈടാക്കിയ ഇനത്തിൽ ലഭിച്ച തുക | 43000 |
| 14 | മാലിന്യം/പാഴ്വസ്തുക്കൾ വിറ്റ വകയിൽ ലഭിച്ച തുക | - |
| 15 | ഗ്യാപ് ഫണ്ടിനത്തിൽ ചെലവിട്ട തുക | ഇല്ല |
| 16 | ലെഗസി മാലിന്യം ഏറ്റെടുത്ത വകയിൽ കരാർ സ്ഥാപനത്തിന് നൽകിയ തുക | - |
| 17 | സഹായ സ്ഥാപനത്തെ നിയോഗിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം | ഇല്ല |
| 18 | സഹായ സ്ഥാപനത്തിന് നൽകിയ കൺസൽട്ടിംഗ് തുക | - |
| 19 | ഹരിത കർമ്മ സേനയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും, മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കുമായി തദ്ദേശ സ്വയം ഭരണ സ്ഥാപനം ഓഡിറ്റ് വർഷം ചെലവിട്ട തുക | 722871 |
| 20 | തദ്ദേശ സ്വയം സ്ഥാപനത്തിൽ ഉള്ള Mini MCF, MCF, RRF എന്നിവയുടെ എണ്ണം | Mini MCF-30 ,<br>MCF-1,<br>RRF -Nil |

2023-24 വർഷത്തിൽ ഏറ്റെടുത്ത MCF നിർമാണം സമയ ബന്ധിതമായി പണിപൂർത്തീകരിച്ച Bailing Machine, സോർട്ടിംഗ് ടേബിൾ, കൺവെയർ ബെൽറ്റ് എന്നിവ സ്ഥാപിച്ച് ഹരിതകർമ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുകയും ഹരിതകർമ സേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ കഴിവും അറിവും വർദ്ധിപ്പിക്കുന്നതിനുതകുന്ന പരിശീലനം നൽകേണ്ടതുമാണ്.

**<u>1-32 മോഡൽ ബയോപാർക്ക് - പ്രവൃത്തി ആരംഭിച്ചിട്ടില്ല.</u>**

| | |
|---|---|
| പ്രോജക്ട് നമ്പർ | S0219/24 |
| പ്രോജക്ടിന്റെ പേര് | പേരയം യൂ.പി.എസിൽ മോഡൽ ബയോപാർക്ക് |
| അടങ്കൽ | 800000(കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെലവ് | 103518 |
| | |

| | |
|---|---|
| നിർവ്വഹണ ഏജൻസി | IRTC |
| ഭരണാനുമതി | 1(1)/07.11.2023 |
| സാങ്കേതികാനുമതി | 139168/2023-5-1 തീയതി 10.01.2024 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

പേരയം യു.പി.എസിൽ മോഡൽ ബയോപാർക്ക് സ്ഥാപിച്ച് കുട്ടികളിൽ വിനോദ സൌകര്യവും പരിസ്ഥിതി പരിപാലനവും ഉറപ്പ് വരുത്തുന്നതിനുവേണ്ടിയുള്ള ടി പദ്ധതിയുടെ നിർവ്വഹണം അക്രഡിറ്റഡ് ഏജൻസിയായ IRTCയെ ഏല്പിക്കുകയും, IRTC 27.12.2023ൽ ചുവടെ ചേർക്കുംപ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തൻവർഷം 103518/-രൂപ മൊബിലൈസേഷൻ അഡ്വാൻസ് നല്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| Bio Park | 5,20,125.72 |
| Beautification Including Vertcal Gardening Etc | 25,000.00 |
| Portable Biogas And Demonstration Items | 85,000.00 |
| Management Charges 7.5% | 47,259.00 |
| GST 18% | 1,21,929.25 |
| Total(Rounded) | 7,99,400.00 |

IRTCയുമായി 25.01.2024ൽ ഏർപ്പെട്ട കരാറിലെ പ്രധാന വ്യവസ്ഥകൾ ചുവടെ ചേർക്കുന്നവയാണ്.

വ്യവസ്ഥ 2 – പ്രവൃത്തി നാല് മാസത്തിനകം പൂർത്തിയാക്കുന്നതാണ്.

വ്യവസ്ഥ 6 – കരാർ വച്ച് 10 ദിവസത്തിനുള്ളിൽ സ്ഥലം ഏറ്റെടുക്കേണ്ടതാണ്.

വ്യവസ്ഥ 7- ഒരുതവണ നിലവിലുള്ള കാലാവധിയുടെ 25% അല്ലെങ്കിൽ ആറുമാസം ഇവയിൽ ഏതാണോ കുറവ്, ആ കാലാവധി 1% തുക പിഴയായി ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതാണ്. തുടർന്നുള്ള കാലാവധി ദീർഘിപ്പിക്കലിന് 2% തുക പിഴയായി ഈടാക്കുന്നതാണ്. നിലവിലുള്ള പൂർത്തീകരണ കാലാവധിയുടെ 50%ൽ അധികം സമയം യാതൊരു കാരണവശാലും ദീർഘിപ്പിച്ചു നൽകുന്നതല്ല.

വ്യവസ്ഥ 35- കരാർ തുകയുടെ 20% വരുന്ന തുക മൊബിലൈസേഷൻ അഡ്വാൻസായി നൽകുന്നതാണ്.

മൊബിലൈസേഷൻ അഡ്വാൻസായി 1,03,518/- രൂപ IRTCയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ, പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല. പ്രവൃത്തിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിശദാംശം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 11/14.06.2024), 12.03.2024ന് തുക കൈമാറിയതായും തുടർന്ന് 16.03.2024 മുതൽ തെരഞ്ഞെടുപ്പ് പെരുമാറ്റചട്ടം നിലവിൽ വന്നതിനാൽ, സ്ഥലം കൈമാറുന്നതിനും പ്രവൃത്തി ആരംഭിക്കുന്നതിനും കഴിഞ്ഞില്ലെന്നും പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണെന്ന് ഏജൻസി അറിയിച്ചതായും വിശദീകരിച്ചിട്ടുണ്ട്. തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | പദ്ധതി | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 0 | 107 പാലിയേറ്റീവ് പരിചരണ പദ്ധതി | 306773 | 306773 | 0 |
| | | 149 ലൈഫ് ഭവന പദ്ധതി - പട്ടിക വർഗ്ഗം | 68334 | 68334 | 0 |
| | | 156 ലൈഫ് 2020 ജനറൽ | 40000 | 40000 | 0 |
| | | 148 ലൈഫ് 2020 പട്ടിക വർഗ്ഗ വിഭാഗം | 40000 | 40000 | 0 |
| | | 155 ലൈഫ് ഭവന പദ്ധതി പട്ടിക ജാതി | 844479 | 844479 | 0 |
| | | 150 ലൈഫ് ഭവന പദ്ധതി ജനറൽ | 1500000 | 1500000 | 0 |
| | | 151 ലൈഫ് 2020 - പട്ടിക ജാതി വിഭാഗം | 470000 | 470000 | 0 |
| | | 94 അതി ദരിദ്ര പദ്ധതി | 25933 | 25933 | 0 |
| | | 28 സ്നേഹ സ്പർശം- മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പും ബത്തയും | 249375 | 249375 | 0 |
| | | 184 ഗോത്ര സാരഥി | 21666 | 21666 | 0 |
| | | 1 ക്ഷീര സമൃദ്ധി - പാലിന് സബ്സിഡി | 223475 | 223475 | 0 |
| | ആകെ | | 3790035 | 3790035 | 0 |
| ജില്ലാ പഞ്ചായത്ത് | 0 | 125 ഹരിത ഭവനം | 70000 | 70000 | 0 |
| | | 156 ലൈഫ് 2020 ജനറൽ | 40000 | 40000 | 0 |
| | | 148 ലൈഫ് 2020 പട്ടിക വർഗ്ഗ വിഭാഗം | 40000 | 40000 | 0 |

| | | | | | |
|---|---|---|---|---|---|
| | | 155 ലൈഫ് ഭവന പദ്ധതി പട്ടിക ജാതി | 560000 | 560000 | 0 |
| | | 150 ലൈഫ് ഭവന പദ്ധതി ജനറൽ | 80000 | 80000 | 0 |
| | | 151 ലൈഫ് 2020 - പട്ടിക ജാതി വിഭാഗം | 1090000 | 1090000 | 0 |
| | | 28 സ്നേഹ സ്പർശം- മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പും ബത്തയും | 249375 | 249375 | 0 |
| | | 1 ക്ഷീര സമൃദ്ധി - പാലിന് സബ്സിഡി | 100000 | 100000 | 0 |
| | | | 2229375 | 2229375 | |

| സ്ഥാപനം | മുന്നിരിപ്പ് | തൻവർഷ വരവ് | ചെലവ് | നീക്കിയിരിപ്പ് | ബാലൻസ്ഷീറ്റ് B4 പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 0 | 3790035 | 3790035 | 0 | 0 |
| ജില്ലാ പഞ്ചായത്ത് | 0 | 2229375 | 2229375 | 0 | 0 |
| ആകെ | 0 | 6019410 | 6019410 | 0 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാലൻസ് തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 161 ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | 196684 | 0 | 196684 |
| വാട്ടർ അതോറിറ്റി | 218 പൊതു കുടിവെള്ള ടാപ്പുകളുടെ കട്ടിംഗ് ചാർജ്ജ് അടവാക്കൽ | 162929 | 0 | 162929 |
| | ആകെ | 359613 | | 359613 |

*ടി നിക്ഷേപ പ്രവൃത്തികളെ സംബന്ധിച്ച വിവരം ധനകാര്യ പത്രികയിലെ RP 49 ൽ രേഖപ്പെടുത്തിയിട്ടില്ല. ആയത് തൻ വർഷത്തെ ബാലൻസ്ഷീറ്റ് B-18 ഷെഡ്യൂളിലും പ്രതിഫലിക്കുന്നില്ല.

നിക്ഷേപ പ്രവൃത്തികളെ സംബന്ധിച്ച് ബാലൻസ് ഷീറ്റിൽ ചേർത്തിരിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു

| | മുന്നിരിപ്പ് (2022-23 വർഷത്തെ ബാലൻസ് ഷീറ്റ് B-18 പ്രകാരം) | 2023-24 വർഷത്തെ നിക്ഷേപം | ആകെ | വിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക | നീക്കിയിരിപ്പ് (2023-24 വർഷത്തെ ബാലൻസ്ഷീറ്റ് B-18 പ്രകാരം) |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | 7091000 | 0 | 7091000 | 101329 | 6989671 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

വിവിധ വിഷയങ്ങളിലെ വിവര ശേഖരണത്തിനായി ലഭ്യമാക്കിയ പ്രഫോമയിൽ മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വാർഷിക ധനകാര്യ പത്രികയിലും ഇത് സംബന്ധിച്ച രേഖപ്പെടുത്തൽ ഇല്ല. എന്നാൽ, പേരയം യു പി എസിൽ മോഡൽ ബയോപാർക്ക് നിർമ്മാണം (പ്രോജക്ട് നമ്പർ 219/2024) എന്ന പദ്ധതിയിലെ കരാറിലെ വ്യവസ്ഥകൾ പ്രകാരം 103518/- രൂപ IRTC ക്ക് മൊബിലൈസേഷൻ അഡ്വാൻസായി നൽകിയിട്ടുണ്ട്.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| മുന്നിരിപ്പ് (2022-23 വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരം) | ർഷത്തെ വരവ്തൻവ (RP 31 പ്രകാരം) | ആകെ | തൻവർഷത്തെ ലോൺ തിരിച്ചടവ് (I14 B പ്രകാരം) | തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക (ബാലൻസ്ഷീറ്റ് B-5 പ്രകാരം) |
|---|---|---|---|---|
| 55804336 | 9851780 | 65656116 | 5887665 | 59768451 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 7943304 |
| ഓഡിറ്റ് വർഷത്തെ വരവ് | 52169666 |
| ആകെ | 60112970 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 43262206 |
| നീക്കിയിരിപ്പ് | 16850764 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **532731** |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | **5,32,731/-** | ശ്രീ. സുനിൽ.പി, സെക്രട്ടറി (1,96,684/-)<br>ശ്രീ. അനിൽകുമാർ.ഡി, സെക്രട്ടറി (3,36,047/-) |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുനിൽ.പി, സെക്രട്ടറി | സെക്രട്ടറി, പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് | കാർത്തിക, ടോൾമുക്ക്, അവനവഞ്ചേരി , ആറ്റിങ്ങൽ |
| ശ്രീ. അനിൽകുമാർ. ഡി, സെക്രട്ടറി | സെക്രട്ടറി, പനവൂർ ഗ്രാമപഞ്ചായത്ത് | എ. എൽ. കോട്ടേജ്, ചെമ്പൂര്, മുദാക്കൽ പി ഒ |

## <u>4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| **ഓഡിറ്റ് വർഷം** | **ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം** | **തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം** |
|---|---|---|
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/463/2022 തീയതി. 22.10.22 | 1 |
| 2009-10 | | 1 |
| 2011-12 | | 2 |

| | | |
|---|---|---|
| 2013-14 | | 1 |
| 2014-15 | | 2 |
| 2015-16 | | 3 |
| 2016-17 | | 3 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/2625/2018 | 6 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/900/2020 തീയതി. 21.10.2020 | 28 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/667/2021 തീയതി. 31.03.2021 | 11 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/776/2022 തീയതി. 23.06.2022 | 42 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/408/2023 തീയതി. 25.03.2023 | 29 |
| 2022-23 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1325/2023 തീയതി. 23.03.2024 | 40 |

**ഡെപ്യൂട്ടി ഡയറക്ടർ**

**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 (1) dated 22-05-2024 and submitted on 30-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Panavoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Panavoor Grama Panchayat as on 31-03-2024

**Date: 20/09/2024** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Panavoor Grama Panchayat for the Year 2023-2024.

**1.Major Observations**

**2.Other Observations**

1. The mandatory Financial Statements prescribed in Accounting Rules are not included in the AFS, eg- Ratios

2. As per AFS Net Increase In Cash And Cash Equivalents is 8907460 whereas the amount recorded as Net Cash Generated By Operating + Investing + Financial Activity (A+B+C) is 5121436. The figures do not match with each other

3. The value of Stock In Hand is not recorded in B-14 schedule of the Annual Financial Statement

4. Lapses in making timely and accurate demand entries in respect of tax revenues. Demand entry is made only at the end of the financial year

5.Arrear balance of Property tax is not recorded in previous year balance sheet

6. A sum of Rs. 1623946/- is remained to be collected as property tax in current year. But as per B-15 schedule of the balance sheet, the remaining amount to be collected is recorded as 0.

7. Registers of own fund receipts are not checked monthly and reconciled with the ledger balance

8. The figures in the annual financial statements regarding Demand-Collection-Balance of property tax do not match with the information in Sanchaya software

9. Information regarding deposit activities/advances is not completely recorded in B-18 schedule of the balancesheet

10. Various registers like Loan register, Advance register, Deposit work register etc. are not properly maintained.

11. Outdated Deposits were not forfeited to own fund

12. Grant amount shown as liability in the Balance sheet does not match with the balance in bank account opened for the same grant.

13. The trial balance shows a opening and closing **credit balanc**e of Rs.10074 under the head Outdoor Collection Control Account 431910201 (Negative Balance). Also this amount shown in asset head is not included in the balance sheet of Gram Panchayat

14. The balance as per bankbook is shown as a negative figure in monthly reconciliation statements of some accounts. ( Eg. Reconciliation statement of February month, Reconciliation statement of december)

15. Bank reconciliation statement of all bank accounts is not prepared and maintained (Co-Operative Bank Account Of Own Revenue Fund, Joint Venture Old -799011400001375, Treasury Account Of Traditional Functions Fund etc)

16. Bank statement of account number 42/76 in Anad Co-operative Bank was not made available for verification.

17. Expenditure amount of funds like central finance commission grant and health grant as shown in annual financial statement does not match with concerned Sulekha expenditure statement.

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

തിരുവനന്തപുരം ജില്ലയിലെ പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്